Reg. No. 29377/78

# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

Book No. 15 Vol. 1 July 2021

## ചരിത്രമുഹൂർത്തത്തിന് തിരി തെളിയുന്നു

കേരള ഗവൺമെന്റ് ഫാർമസിസ്റ്റ്സ് അസോസിയേഷന്റെ

63-ാമത് വാർഷിക സംസ്ഥാന സമ്മേളനം

ശ്രീമതി ഇ.എസ്. ബിജിമോൾ ഉദ്ഘാടനം ചെയ്യുന്നു



# ആദരിക്കപ്പെട്ടവർ



പി. വി. പ്രദീപ് കുമാർ – മുൻ സംസ്ഥാന പ്രസിഡന്റ്



കെ. സുരേഷ് കുമാർ – മുൻ സംസ്ഥാന വൈസ് പ്രസിഡന്റ്



സാജു കുര്യാക്കോസ് – മുൻ സംസ്ഥാന ട്രഷറർ



കെ.പി. പ്രദീപ് കുമാർ – മുൻ സംസ്ഥാന കമ്മിറ്റി അംഗം



കെ.എം. ജോർജ്ജ് – മുൻ സംസ്ഥാന കമ്മിറ്റി അംഗം



ടോം ജോസഫ് – മുൻ സംസ്ഥാന കമ്മിറ്റി അംഗം

Reg. No. 29377/78

# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

**Book No. 15** **Vol. 1** **July 2021**

Managing Editor :
**S. VIJAYAKUMAR**

Printer & Publisher :
**M. S. MANOJ KUMAR**

Editor:
**MANOJ T. G.**
E-mail: manojpmst@gmail.com

Editorial Board:
**K. SARASWATHY**
**ABHILASH JAYARAM**
**D. N. ANITHA**
**T. L. MERIES**
**ABDUL SALAM M.**
**M. K. MANOJ**
**K. P. SAJEER**
**S. RAJESH KUMAR**

Layout & Printing
**Alwaye Press, Aluva**
0484-2623318

## ഉള്ളടക്കം

- എഡിറ്റോറിയൽ 02
  മനോജ് ടി.ജി.
- ഫാം.ഡി. അംഗീകരിക്കുമ്പോൾ 03
  എസ്. വിജയകുമാർ (പ്രസിഡന്റ്)
- ഫാർമസിസ്റ്റ്... തെറ്റിപ്പോകുന്ന കണക്കുകൾ 04
  മനോജ്കുമാർ എം.എസ്. (ജനറൽ സെക്രട്ടറി)
- സംസ്ഥാന വാർഷിക സമ്മേളനം - റിപ്പോർട്ട് 07
- കോവിഡ് കാലത്തെ മാനസികാരോഗ്യം 09
  ഡോ. വരദ പണിക്കത്ത്
- സംസ്ഥാന നേതാക്കൾ വിരമിച്ചു 12
- നിവേദനങ്ങൾ
- ജില്ലാ വാർത്തകൾ
- ഋതുഭേദങ്ങൾ (കവിത) 16
  സരസ്വതി
- അവിഹിതം (കഥ) 17
  ഷബ്ന
- സർവ്വീസിൽനിന്നും വിരമിച്ചവർ 20



**മനോജ് ടി. ജി.**
എഡിറ്റർ

# എഡിറ്റോറിയൽ

**ലോ**കം അടച്ചിട്ടപ്പോൾ അടങ്ങി ഇരുന്ന ഒന്നായിരുന്നില്ല ഫാർമസി മേഖല. കേരളത്തിലെ സർക്കാർ ആശുപത്രികൾക്ക് ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കാനുള്ള വിഭവങ്ങൾ നിയമപരമായും, ശാസ്ത്രീയപരമായും ശേഖരിച്ച് യുക്തിപൂർവ്വം വിതരണം ചെയ്യുന്ന ഫാർമസിസ്റ്റ് സമൂഹം ഇവിടെയും ഉണർന്നിരിക്കുകയായിരുന്നു..

ലോകം കൊറോണയെ കടന്നും, മുന്നോട്ട് പോകും. ചരിത്രം അത് വിളിച്ചുപറയുന്നുണ്ട്. തീവ്രമായ യുദ്ധങ്ങളിൽ പൊട്ടാത്ത സപ്ലൈ ചെയിനുകൾ എന്നും മാതൃകയാണ്. നമ്മൾ ഫാർമസിസ്റ്റുകൾ ചെയ്യുന്നതും അതാണ്. കോടിക്കണക്കിന് രൂപയുടെ മരുന്നുകളും മറ്റ് അവശ്യവസ്തുക്കളും സർക്കാർ സംഭരിക്കുന്നു. എല്ലാ വികസന പ്രവർത്തനങ്ങളും മന്ദീഭവിക്കുമ്പോൾ തോർച്ച ഒഴിയാത്ത മഴയായി ഫാർമസി സ്റ്റോറുകൾ നിറയുകയാണ്. കൃത്യതകൾക്ക് സർക്കാർ സംവിധാനങ്ങൾ വിലയിടുമ്പോൾ നമുക്ക് തീക്ഷ്ണഭാവങ്ങൾ കടംകൊള്ളേണ്ടിവരരുത്. ഉത്തരവാദിത്വങ്ങളിലും പോരാട്ടങ്ങളിലും... ശമ്പളപരിഷ്കരണ വഴികളിൽ ഇനിയും മുകളിലേക്ക് പരിഗണിക്കേണ്ട ഒരാളായി നമുക്ക് മാറേണ്ടതുണ്ട്.

സർക്കാർ ഫണ്ടുകൾ സാധാരണക്കാർക്ക് മരുന്നായും മാനവസേവയായും നൽകുമ്പോൾ ഉയർന്ന ശിരസ്സുമായി, അഭിമാനത്തോടെ ഓർക്കുന്ന പേരായി ഫാർമസിസ്റ്റുകൾ ആരോഗ്യവകുപ്പിന്റെ നട്ടെല്ലാവട്ടെ.

ആധുനികവൽക്കരണത്തിൽ ഫാർമസികൾ മാറുകയാണ് ഇലക്ട്രോണിക് സാങ്കേതികതവിദ്യ മരുന്ന് സംഭരണത്തിൽ സ്റ്റോറുകളിൽ DDMS ആയി വന്നതിനു ശേഷം e-ഹെൽത്ത് എന്നത് ഫാർമസികളിൽ രോഗികൾക്കിടയിൽ തിരക്ക് വർദ്ധിപ്പിക്കുന്നു. കൃത്യതയും സമഗ്രതയും ഒരുക്കാൻ ഒരു കൂട്ടായ ശ്രമം ഇതിൽ സന്നിവേശിപ്പിക്കണം. ഫാർമസിസ്റ്റുകളുടെ കണക്ക് പുസ്തകം ഇനി ഇതായി മാറുമ്പോൾ അവരുടെ അഭിപ്രായങ്ങൾ ചേർത്ത് നിർമ്മിച്ച ഒരു സാങ്കേതിക തനിമയ്ക്ക് മാത്രമേ ഫാർമസിസ്റ്റുകളുടെ ജോലിഭാരത്തിന് അത്താണിയാവാൻ പറ്റൂ.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഏറ്റെടുത്ത് അതിവേഗം കുതിക്കുന്ന കേരളത്തിലെ ആരോഗ്യമേഖലയിൽ കൊറോണ ഉണ്ടാക്കിയ ആഘാതങ്ങൾ മറികടക്കാൻ സർക്കാർ അതിവേഗം ശ്രമിക്കുന്നു എതിന് ഉദാഹരണമാണ് സാമ്പത്തിക പ്രതിസന്ധിയിലും മുന്നൂറോളം പോസ്റ്റുകൾ അനുവദിക്കപ്പെട്ടത്

ആർദ്രം സ്ഥാപനങ്ങളിലൊക്കെത്തന്നെയും സ്ഥിരമായ രണ്ടാമത്തെ ഫാർമസിസ്റ്റുകൾ ഉണ്ടാവണം. ഗുണമേന്മയിൽ അധിഷ്ഠിതമായ ഒരു പൊതു ആരോഗ്യരംഗം നിലനിൽക്കുന്ന കേരളത്തിൽ ജീവനക്കാർ ജനസംഖ്യാ അനുപാതത്തിൽ ഇനിയും വർദ്ധിക്കണം.

പ്രതിസന്ധികളിൽ സംവിധാനം മികവുറ്റതായി... കാര്യക്ഷമമായി നിലനിർത്തുന്നതിൽ കാണിക്കുന്ന അതീവ ജാഗ്രത തന്നെയാണ് നാളെകളിലെ പ്രതീക്ഷയും.

# ഫാം. ഡി.
# അംഗീകരിക്കുമ്പോൾ



**എസ്. വിജയകുമാർ**
പ്രസിഡന്റ്

**ഫാ**ർമസി മേഖലയിലെ ഏറ്റവും ഉയർന്ന കോഴ്സ് പഠിച്ചവർക്ക് അങ്ങനെ തൊഴിൽ മേഖലയിൽ അവസരങ്ങളായി. ഫാം.ഡി എന്ന കോഴ്സ് 2012 ൽ ആണ് ആരംഭിച്ചത്. ഒരുപാട് പ്രതീക്ഷയോടെ ആരംഭിച്ച 6 വർഷം നീണ്ടുനിൽക്കുന്ന ഫാർമസിയിലെ ഡോക്ടർ കോഴ്സിന് തുടക്കത്തിൽ നിരവധി ആരാധകർ ഉണ്ടായിരുന്നുവെങ്കിലും ഒരു പതിറ്റാണ്ടിനിപ്പുറം അത് നിറം മങ്ങിയ പഴയ പ്രതാപത്തിൽ ഡോക്ടർ എന്ന പേരിനൊപ്പം ജീവിക്കുന്നു എന്നു മാത്രം. വിദേശ രാജ്യങ്ങളിലേക്ക് ഉദ്യോഗാർത്ഥികളെ കയറ്റി അയക്കാൻ മാത്രം ഉപയോഗപ്പെട്ടിരുന്ന ഫാം.ഡി പഠിച്ചവർക്ക് നാട്ടിൽ തന്നെ അതിന്റെ സേവനവഴികൾ സർക്കാർ പതിയെ തുറക്കുകയാണ്.

എത്രയോ വർഷങ്ങളുടെ നീണ്ട മുറവിളികൾക്ക് ഒടുവിലാണ് ഒരു ജോലിസാദ്ധ്യത ഇത്ര മികച്ച കോഴ്സിന് രാജ്യത്ത് തുറന്നുവരുന്നത്. ഇന്ത്യ ലോകത്തെ ഔഷധ ഹബ്ബായി മാറ്റപ്പെടുമ്പോഴും ഇവിടെ അടിസ്ഥാന ഫാർമസി മേഖലയിലെ വർത്തമാന അവസ്ഥ എന്നത് ഒരു പിൻതിരിഞ്ഞുനടത്തമാണ്.

ആവശ്യപ്പെട്ടാൽ എളുപ്പം ലഭിക്കുന്ന ഒന്നായി ഔഷധങ്ങൾ മാറുന്നു എന്നത് ലോകത്ത് വേറെ എവിടെയെങ്കിലും ഉണ്ടോ? രാസസംയുക്തങ്ങളുടെ ചേരുവയിലെ ശരിയും തെറ്റും തിരിച്ചറിയാൻ കഴിയുന്നവരുടെ... അത് വിതരണം ചെയ്യുന്നവരുടെ യോഗ്യതകൾ മെച്ചപ്പെടുന്ന ഒരു അവസ്ഥയിൽ അടിസ്ഥാന ഫാർമസി മേഖലയിലെ മാറ്റങ്ങൾ കാലം ആവശ്യപ്പെടുന്നതാണ്.

KGPA എത്രയോ വർഷമായി ഉയർത്തിക്കൊണ്ടുവരുന്ന ഒരു ആവശ്യമായിരുന്നു ആരോഗ്യ സ്ഥാപനങ്ങളിലെ ക്ലിനിക്കൽ ഫാർമസിസ്റ്റുകൾ എന്ന തസ്തിക. നിരവധി മരുന്നുകൾ പല ഡോക്ടർമാരെ കണ്ട് കഴിക്കുന്ന നിരവധിയാളുകൾ കേരളത്തിൽ ഉണ്ട്. അവർക്കിടയിൽ ഔഷധങ്ങളുടെ വർഗ്ഗീകരണം മുതൽ അവയുടെ പ്രതിപ്രവർത്തനം വരെ പറഞ്ഞുകൊടുക്കുന്ന ഒരു തസ്തിക എന്നത് ജനങ്ങളുടെ അവകാശമാണ്.

കാലം ഏറെ കഴിഞ്ഞിട്ടാണെങ്കിലും ഫാർമസി കൗൺസിൽ ഇന്ത്യ P P R ആക്ട് 2021 ഭേദഗതി വരുത്തിയത് കേന്ദ്രം അംഗീകരിച്ചിരിക്കുന്നു. കേരളത്തിൽ മാത്രം 3000 പേർ ഫാം.ഡി കഴിഞ്ഞ് തൊഴിലന്വേഷകരായി ഉണ്ട്. അതിലേറെപ്പേരും ഇപ്പോൾ ഡിസ്പെൻസിംഗ് രംഗത്ത് പണിയെടുക്കുന്നു.

ഡോക്ടർ എന്ന പേരിൽ മരുന്ന് പായ്ക്കറ്റുകളുമായി സംശയദുരീകരണത്തിനും കൂടുതൽ അറിവുകൾക്കുമായി സർക്കാർ ആശുപത്രികളിലും പ്രൈവറ്റ് മേഖലയിലും ഒരു കേന്ദ്രം ഒരുങ്ങുന്നു എന്ന അഭിമാനം നമുക്ക് സംഘടനാപരമായും വർഗ്ഗപരമായും വേണ്ടത് തന്നെ.

ഭാവിയിൽ ആരോഗ്യമേഖലയിൽ ഫാർമസിസ്റ്റുമാർക്ക് അർഹതപ്പെട്ട പരിഗണന ലഭിക്കാനും അതുവഴി രോഗികൾക്ക് ശാസ്ത്രീയമായ സേവനം ലഭ്യമാക്കാനും വഴിതുറക്കുമെന്ന് പ്രതീക്ഷിക്കാം.

# ഫാർമസിസ്റ്റ്...
# തെറ്റിപ്പോകുന്ന കണക്കുകൾ



**മനോജ്കുമാർ എം.എസ്.**
ജനറൽ സെക്രട്ടറി

**അ**ടിസ്ഥാന ആരോഗ്യമേഖലയെ ശക്തിപ്പെടുത്താൻ... ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കാൻ... അത് നിലനിർത്താൻ... ഭരണകൂടങ്ങൾക്ക് കഴിയുന്നു എന്നത് സുസ്ഥിര വികസന ലക്ഷ്യങ്ങളെ സാക്ഷാത്കരിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു.

ആരോഗ്യ മേഖലയിൽ സമഗ്രമായ വികസനവും ഇതര മേഖലകളിൽ കാര്യമായ പരിവർത്തനവും നടത്തി മാത്രമേ നമുക്ക് അതിനുള്ള വഴി കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ.

സേവനമേഖലകളിലെ മുതൽ മുടക്ക് തലമുറകൾ നമുക്ക് തിരിച്ചുതരുന്ന പുരോഗതിയായി മാറിത്തുടങ്ങിയിരിക്കുന്നു കേരളത്തിൽ. അതിനെ നിലനിർത്തുക എന്നതും കാലഘട്ടം ആവശ്യപ്പെടുന്ന പുത്തൻ ആശയങ്ങൾ അതിൽ സന്നിവേശിപ്പിക്കുക എന്നതും ഒരു പുരോഗമന കാഴ്ചപ്പാടുള്ള ഭരണകൂടത്തിന്റെ പ്രാഥമിക കടമയാണ്.

പൊതു ബഡ്ജറ്റിന്റെ കേവലം രണ്ട് ശതമാനത്തിന് താഴെ മാത്രം ആരോഗ്യ – കുടുംബക്ഷേമ മേഖലയിൽ മാറ്റിവച്ചിരുന്നത് ഈ വർഷം മുതൽ 135 ശതമാനം വർദ്ധനവിൽ ആയി മാറിയിട്ടുണ്ട്. ദേശീയ ആരോഗ്യ ദൗത്യം (NHM) വഴി ഗ്രാമീണ മേഖലകളിൽ ശാക്തീകരിക്കപ്പെട്ട പൊതു ആരോഗ്യരംഗം തയ്യാറെടുക്കപ്പെട്ടു കഴിഞ്ഞു.

പുതിയ ടാർജറ്റ് നിശ്ചയിച്ച് കേരളത്തിലും തനത് പദ്ധതികളും, തദ്ദേശ കൂട്ടായ്മകളും, ആർദ്രം മിഷനും ചേർന്ന് ആരോഗ്യവകുപ്പിന്റെ മുഖച്ഛായ മാറ്റിത്തീർത്തു. ഏകദേശം 10,000 ന് താഴെ പുതിയ തസ്തികകൾ മാത്രം ആരോഗ്യവകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലുമായി സൃഷ്ടിക്കപ്പെട്ടു. അതിൽ ഭൂരിഭാഗവും ഡോക്ടർമാരുടെയും നേഴ്സിംഗ് വിഭാഗങ്ങളുടെയും ആയിരുന്നു.

ജനസംഖ്യയുടെ കേവലം 35 ശതമാനം മാത്രം ആശ്രയിച്ചിരുന്ന പൊതു ആരോഗ്യരംഗത്തെ ഇന്ന് 70% പേരുടെ ആശ്രയകേന്ദ്രമാക്കി ഉയർത്തുന്നതിൽ ഈ രംഗത്തെ ദീർഘവീക്ഷണമുള്ള കാഴ്ചപ്പാടുകൾ തുണയായിട്ടുണ്ട്. വികേന്ദ്രീകരിക്കപ്പെട്ട കേരളത്തിലെ സാമൂഹ്യചുറ്റുപാടിൽ കൂടുതൽ ഭാവനകളും പദ്ധതികളുമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടുതലായി വന്നുകൊണ്ടിരിക്കുന്നു.

റഫറൽ കേന്ദ്രങ്ങളായി താലൂക്ക് ആശുപത്രികൾ മാറുമ്പോൾ വിദഗ്ദ്ധ ചികിത്സയും സൗകര്യങ്ങളും അതിൽ നിറഞ്ഞുനിൽക്കുന്നു. താലൂക്ക് സ്ഥാപനങ്ങൾ ജനറൽ ആശുപത്രികളായി ഉയർത്തപ്പെടുന്നു.

നേരത്തെ പറഞ്ഞപോലെ 10,000 ൽ താഴെ തസ്തികകൾ ഉണ്ടായിവന്നപ്പോൾ ഈ അടുത്ത് അനുവദിച്ച 52 പോസ്റ്റുകൾ അടക്കം കേവലം മുന്നൂറിൽ താഴെ തസ്തികകൾ മാത്രമേ ഫാർമസിസ്റ്റുകൾക്കായി ലഭ്യമായിട്ടുള്ളൂ. രണ്ടാം ഘട്ടത്തിൽ FHC കൾ ആയി ഉയർത്തപ്പെട്ട സ്ഥാപനങ്ങളിൽ ഇപ്പോഴും ഒരാൾ മാത്രമേ ഫാർമസി തസ്തികയിൽ സ്ഥിരം ജീവനക്കാരനായി ഉള്ളൂ.

ആരോഗ്യസ്ഥാപനത്തിൽ അതിന്റെ സേവനം കൈപ്പറ്റാൻ വരുന്നവരിൽ 95 ശത

മാനം പേരും വന്നുപോവുന്ന ഒരിടമാണ് ഫാർമസികൾ. ജനസംഖ്യയുടെ 70 ശതമാനം ആളുകളും ഇന്ന് ആരോഗ്യസ്ഥാപനങ്ങളിലെ ഫാർമസികളിൽ മരുന്നിനായി ഒത്തുകൂടപ്പെടുമ്പോൾ നമുക്കായി സൃഷ്ടിച്ച തസ്തികകൾ എത്ര കുറവാണ് എന്ന് മനസ്സിലാക്കണം.

വൈകിട്ട് 6 വരെ ഒ പി ആക്കുമ്പോൾ തന്നെ മരുന്ന് കൊടുത്തു തീരാൻ പിന്നെയും സമയം എടുക്കും. 2ൽ നിന്ന് 3 എന്ന നിലയിലേക്ക് മാറി ചിന്തിക്കേണ്ട ഒരവസ്ഥയിൽ 2 എന്ന നമ്പർ ഉറപ്പിക്കാൻ തന്നെ നമ്മൾ പാടുപെടുകയാണ്.

വിപുലീകരിക്കപ്പെട്ട പാലിയേറ്റീവ്, തദ്ദേശ സ്വയംഭരണ പ്രോജക്ടറ്റുകൾ വഴി വരുന്ന മരുന്നുകൾ സംഭരിക്കുകയും... ഉയർത്തപ്പെട്ട സാമ്പത്തിക വിഹിതം വഴി ഏറിവരുന്ന സംഖ്യയ്ക്ക് അനുസരിച്ച് KMSCL വഴി എത്തുന്നവയും കൂടി സംഭരിക്കപ്പെടുകയും ഗുണമേന്മയിൽ അധിഷ്ഠിതമായി കായകൽപ്പം, NQAS വഴി എത്തുന്ന സാമഗ്രികൾ സ്റ്റോക്ക് എടുക്കേണ്ടിയും... CSR ഫണ്ട് വഴി എത്തുന്ന പുതിയ കാഴ്ചകൾക്കും കണക്ക് പുസ്തകം തുറന്നുവെക്കേണ്ടിയും വരുന്നു. ഫാർമസിസ്റ്റുകൾ, ഡോക്ടർ, നേഴ്സ് എന്നതിന് അപ്പുറത്തേക്ക് ഇനി സൃഷ്ടിക്കേണ്ട തസ്തികകളിൽ ഫാർമസിസ്റ്റുകൾക്ക് പ്രാമുഖ്യം ഉറപ്പാക്കണം. അവന്റെ ഉത്തരവാദിത്വങ്ങൾ വിഭജിക്കപ്പെടണമെങ്കിൽ സ്ഥിരമായ തസ്തികകൾ ഉണ്ടായി വരേണ്ടിയിരിക്കുന്നു.

സാമ്പത്തിക ക്രയവിക്രയങ്ങൾക്ക് അനുസരിച്ച് പോസ്റ്റുകൾ... ഡോക്ടർമാരുടെ എണ്ണത്തിന് അനുസരിച്ച് തസ്തികകൾ ഒക്കെ ഉണ്ടാകണം. 50 ലക്ഷം രൂപയ്ക്കുമേൽ KMSCL ഫണ്ട് വഴി മരുന്ന് വരുമ്പോൾ തദ്ദേശ സ്വയംഭരണ ഫണ്ട് എന്നത് 10-15 ലക്ഷം വരെയാണ്. അങ്ങനെയുള്ള സ്ഥാപനത്തിൽ PSK തസ്തിക ഉണ്ടാകണം.

അതിവേഗം വളരുന്ന സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ എല്ലാം ഫാർമസിസ്റ്റ് തസ്തിക മൂന്നായി നിജപ്പെടുത്തണം. 1.5 കോടിക്ക് മുകളിൽ KMSCL മരുന്നും അത്ര തന്നെ രൂപ ലോക്കൽ പർച്ചേസും ചെയ്യുന്നവയാണ് നമ്മുടെ താലൂക്ക് സ്ഥാപനങ്ങൾ. സ്റ്റോർ സൂപ്രണ്ട് തസ്തിക എത്രയിടത്ത് അവിടെ നിലവിൽ ഉണ്ട്?

ഇത്തരം ആവശ്യങ്ങളെയാണ് ഈ രംഗത്ത് ഇനി ഉയർത്തിക്കൊണ്ടുവരേണ്ടത്. ആവശ്യങ്ങൾ കടലാസിലൊതുങ്ങിപ്പോവുമ്പോൾ കനപ്പെട്ട ഉത്തരവാദിത്വത്തിൽ നിലവിലെ ജീവനക്കാർ ഉരുകിത്തീരുന്നു. വരാൻ പോവുന്ന വലിയ മാറ്റത്തെ ഇനിയും മനസ്സിലാക്കാൻ നാം അമാന്തിക്കരുത്... ഇന്നേ ഇതൊക്കെ ആവശ്യരൂപത്തിൽ സമർപ്പിച്ചാലേ നാളെകളിലെ തലമുറകൾ എങ്കിലും സംതൃപ്തിയുടെ സുഖത്തിൽ സേവനവഴിയിൽ തുടരുകയുള്ളൂ.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡെന്റൽ കോളേജുകൾ അനുവദിക്കപ്പെട്ടപ്പോഴും മറന്നുപോയ തസ്തിക ഫാർമസിസ്റ്റിന്റേത് ആയിരുന്നു. താലൂക്ക് അടിസ്ഥാനത്തിൽ പുതിയതായി വരുന്ന വനിതകളുടെയും ശിശുക്കളുടെയും ആശുപത്രിയിലും ഫാർമസിസ്റ്റ് തസ്തിക മറന്നുപോകുന്നു. മെഡിക്കൽ കോളേജുകളിൽ അതിലെ രോഗികളുടെ എണ്ണത്തിന് അനുസരിച്ച് ഫാർമസിസ്റ്റ് തസ്തിക ഉണ്ടായിവന്നിട്ടില്ല. എന്തിന് കോടികൾ മരുന്നുകളായി വരുമ്പോൾ അത് പരിശോധിക്കാൻ കുറ്റമറ്റ ഒരു കേന്ദ്രീകൃത പരിശോധനാസംഘം പോലും ഇല്ല.

MLSP നേഴ്സുമാരെ വച്ച് ആശുപത്രി സേവനങ്ങൾ സബ് സെന്ററുകളിൽ കേന്ദ്രീകരിക്കപ്പെടണം എന്ന ആശയം നല്ലതാണെങ്കിലും, ഫാർമസി നിയമങ്ങൾ അവിടെ നോക്കുകുത്തിയാക്കണോ? മരുന്ന് വിതരണത്തിലെ സേവനങ്ങൾ കുറ്റമറ്റതും കൃത്യതയാർന്നതും ആക്കാൻ ആ മേഖലയിലെ വിദഗ്ദ്ധർക്ക് കേരളത്തിൽ ക്ഷാമം ഒന്നും ഇല്ലല്ലോ...

പുതിയതായി രൂപീകരിച്ച KSACS സ്ഥാപനങ്ങളിലും ജില്ലാതലം കേന്ദ്രീകരിച്ച് നടത്തുന്ന മാനസിക ആരോഗ്യ ക്ലിനിക്കുകളിലും മരുന്ന് ആരെടുത്ത് നൽകിയാലും മതി എന്ന നയമാണ്. അതിന്റെയൊക്കെ കണക്കുകളിലും. ഫാർമസിസ്റ്റ് ഇല്ലാത്തത് അതിന്റെ ഓഡിറ്റിംഗിൽ എടുത്തു പറയുന്നുണ്ട് പലയിടത്തും.

ESI മേഖലയിൽ സ്റ്റോറുകളും, ഫാർമസികളും നവീകരിക്കാൻ തുടക്കം ആയതേ ഉള്ളൂ... പല സ്ഥാപനങ്ങളും ഇന്ന് വാടക കെട്ടിടത്തിൽ ആണ്. സുരക്ഷിതമായ മരുന്ന് ശേഖരണം, വിതരണം, ശീതീകരണം എന്നിവ അടിയന്തരമായി ഇവിടെ നടപ്പിലാക്കപ്പെടണം.

KGPA ആരോഗ്യവകുപ്പ് സെക്രട്ടറിയുമായി നടത്തിയ ചർച്ചയിൽ നമുക്ക് ഉറപ്പ് നൽകിയതാണ് തസ്തികയുടെ പേരുമാറ്റം എന്നത്. PSK എന്നതിന് ഡെപ്യൂട്ടി സ്റ്റോർ സൂപ്രണ്ട് എന്ന പേരാണ് നമ്മൾ നിർദ്ദേശിച്ചത്. യാതൊരു സാമ്പത്തിക ബാദ്ധ്യതയും വരാത്ത ഇത്തരം ആവശ്യങ്ങളോട് പോലും പുറംതിരിഞ്ഞ് നിൽക്കുന്ന സമീപനം ബന്ധപ്പെട്ടവർ വെടിയണം.

സ്പെഷ്യൽ റൂൾസ്, ഡ്യൂട്ടി റെസ്പോൺസിബിലിറ്റി എന്നിവ സംബന്ധിച്ച് ഫയലുകൾ പൊങ്ങിവരാത്തത് ദുരൂഹതയാണ്. മുഖ്യമന്ത്രിയെ തന്നെ കണ്ട് പരാതി പറയാൻ നമ്മൾ തയ്യാറാവുകയാണ്.

മരുന്ന് പുരകൾക്ക് അകത്ത് വീർപ്പടക്കി കഴിയേണ്ടവർ ആണോ ഫാർമസിസ്റ്റുകൾ. ശമ്പള പരിഷ്കരണ നേട്ടങ്ങൾക്ക് ഒപ്പം സമാനമായ തസ്തിക നേട്ടവും സാമൂഹിക അംഗീകാരവും നമ്മെ തേടിവരണം. അതിനനുസരിച്ച് ഉണർന്നു പ്രവർത്തിക്കാൻ സംഘടന തയ്യാറുണ്ട്. അതിന്റെ വഴികളിൽ സഹകരണത്തിന്റെ പതാകയുമായി ഏവരും ഐക്യപ്പെടുക.

## ഷേർളി ഡാനിയേൽ (ADPS) വിരമിച്ചു



2021 ഏപ്രിലിൽ വിരമിച്ച ശ്രീമതി ഷേർളി ഡാനിയേൽ, അവരുടെ സർവ്വീസ് 1988 ൽ കൊല്ലം ജില്ലയിൽ നിന്നാണ് ആരംഭിച്ചത്. പത്തനംതിട്ട, കൊല്ലം ജില്ലകളിൽ വിവിധ തസ്തികകളിൽ ഇരുന്ന് പ്രൊഫഷണൽ സമീപനത്തോടെ ഫാർമസിസ്റ്റ് ജോലിക്കൊപ്പം സംഘടനാപ്രവർത്തനത്തിലും അവർ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. ADPS തസ്തികയിൽ ഇരുന്നപ്പോൾ DDMS, NCD മുതലായ പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേതൃത്വപരമായ പങ്ക് വഹിച്ചു. വിവിധ ജില്ലകൾ സന്ദർശിച്ച് കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിലും അവർ മുന്നിട്ടിറങ്ങി. ഫാർമസിസ്റ്റ് എന്ന തലക്കെട്ടിൽ ആരോഗ്യ വകുപ്പിൽ തനതായ ഒരു രീതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്.

ജോലിയിൽ വിവിധ തസ്തികകളിൽ പ്രവർത്തിക്കുമ്പോഴും KGPA എന്ന സംഘടനയോട് ചേർന്ന് നിന്ന് ഫാർമസി വിഭാഗത്തിന് നേട്ടമുണ്ടാക്കികൊടുക്കാൻ അവർക്ക് സാധിച്ചിട്ടുണ്ട്.

## സുരേന്ദ്രനാഥൻ എ. (സ്റ്റേറ്റ് വേരിഫിക്കേഷൻ ഓഫീസർ) വിരമിച്ചു



നീണ്ട 35 വർഷത്തെ സേവനത്തിനുശേഷം സുരേന്ദ്രനാഥൻ എ., സ്റ്റേറ്റ് വേരിഫിക്കേഷൻ ഓഫീസറായി വിരമിച്ചു. സർവ്വീസ് കാലയളവിൽ ആകമാനം ജൂനിയർ ഫാർമസിസ്റ്റുകളുടെ സർവ്വീസ് സംബന്ധമായ സംശയങ്ങൾക്ക് ഒരു ഉത്തരമായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. വിവിധ ജില്ലകളിലായി വിപുലമായ സൗഹൃദബന്ധം കാത്തുസൂക്ഷിക്കുന്ന അദ്ദേഹം 2002 ലെ സർവ്വീസ് സമരത്തിൽ പങ്കെടുത്തിട്ടുണ്ട്.

എല്ലാ തസ്തികകളിലും പ്രവർത്തിക്കുമ്പോഴും KGPA യുമായി അഭേദ്യമായ ആത്മബന്ധം പുലർത്തുന്നതിലും അതിന്റെ സമരപരിപാടികളിലും മറ്റും നിറഞ്ഞുനിന്ന സാന്നിദ്ധ്യമായിരുന്നു. സംഘടനാരംഗത്ത് വിവിധ ഘട്ടങ്ങളിൽ ഭാരവാഹിയായി നിറഞ്ഞുനിന്നിരുന്നു. സ്വന്തം ജീവിതം ആദർശങ്ങൾക്കുവേണ്ടി നിലനിർത്തിയ മനുഷ്യസ്നേഹി കൂടിയായിരുന്നു സുരേന്ദ്രനാഥൻ.



# കാപ്പിയുടെ സുഗന്ധം നുകർന്നുകൊണ്ട് പീരുമേട്ടിലെ സംസ്ഥാന വാർഷിക സമ്മേളനം

**കു**ടിയേറ്റ കർഷകന്റെ വിയർപ്പ് വീണ് വിളഞ്ഞ മണ്ണാണ് ഇടുക്കിയുടേത്. ഏലവും, കുരുമുളകും, തേയിലയും, മറ്റ് സുഗന്ധവ്യഞ്ജനങ്ങളും വിളയുമ്പോൾ തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങളും പോരാട്ടത്തിന്റെ കനൽചൂടും ഹൈറേഞ്ചിന്റെ മണ്ണിൽ സ്ഥായിയായി നിലനിൽക്കുന്നു.

ബ്രിട്ടീഷ് അധിനിവേശകാലത്ത് അടിമകളാക്കിയവരുടെ പിൻതുടർച്ചക്കാർ അസ്ഥിത്വം തേടുന്ന ഇടുക്കി ജില്ലയിലെ പീരുമേട്ടിലാണ് KGPA അതിന്റെ 63-ാമത് സംസ്ഥാന കൗൺസിൽ നടത്തിയത്. ഏപ്രിൽ 9, 10 തീയതികളിൽ നടന്ന കൗൺസിൽ മീറ്റിംഗിൽ 14 ജില്ലകളിലെയും പ്രതിനിധികൾ 9 ന് ഉച്ചയോടെ മലകയറി കുളിരു പണിത കാപ്പിത്തോട്ടം എന്ന മനോഹര കെട്ടിടത്തിൽ എത്തിച്ചേർന്നു. ഏപ്രിൽചൂടിൽ വെന്ത ശരീരങ്ങൾ തണുത്ത കാറ്റിനൊപ്പം സംഘടനയുടെ മുദ്രാവാക്യങ്ങൾ മനസ്സിലേറ്റിയാണ് പുതിയ അന്തരീക്ഷത്തിലേക്ക് കടന്നുവന്നത്.

ശാന്തതയുടെ സായാഹ്നം മൊട്ടിട്ടു തുടങ്ങിയപ്പോൾ സംഘടനാപ്രവർത്തകർ ഒത്തുകൂടി. മുറാദിന്റെ ഓടക്കുഴൽ വാദനത്തോടെ യോഗ നടപടികൾ ആരംഭിച്ചു. സംസ്ഥാന പ്രസിഡന്റ് വിജയകുമാർ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സ്വാഗതം പറഞ്ഞത് ജന. സെക്രട്ടറി പ്രേമാനന്ദൻ ആയിരുന്നു. സംഘടനാ സംവിധാനത്തിന്റെ വർത്തമാനകാല ഗതിവിഗതികളെപ്പറ്റിയും, ശമ്പളപരിഷ്കരണത്തിലെ വലിയ നേട്ടങ്ങളുടെ പിന്നിലെ അറിയാത്ത കാര്യങ്ങളെയും എടുത്തു പറഞ്ഞാണ് വിജയകുമാർ അദ്ധ്യക്ഷപ്രസംഗം പൂർത്തീകരിച്ചത്.

പ്രവർത്തന റിപ്പോർട്ട് നേട്ടങ്ങളുടെ പട്ടികയുമായി... ഇടപെട്ട വിഷയങ്ങളിലെ വൈവിധ്യവുമായി ആത്മവിശ്വാസത്തോടെയാണ് ജനറൽ സെക്രട്ടറി വായിച്ചുതീർത്തത്. നേട്ടങ്ങളുടെ സമഗ്രചിത്രത്തോടൊപ്പം ഇനിയും എത്തിപ്പിടിക്കേണ്ടതിന്റെ വിശദമായ വിലയിരുത്തലുകളും അദ്ദേഹം അംഗങ്ങൾക്കിടയിൽ വാക്കുകളായി വിതറിയിട്ടു.

റിപ്പോർട്ടിനെ കുറിച്ച് വിശദമായ വിലയിരുത്തലുകളും നിർദേശങ്ങളുമായി ഓരോ ജില്ലക്കാരും എത്തി. ചർച്ചകൾ നാളെ തുടരാം എന്ന ധാരണയിൽ അടുത്ത ചടങ്ങായ യാത്രയയപ്പ് യോഗത്തിനും അനുമോദന ചടങ്ങുകൾക്കും ഏവരും തയ്യാറായി.

വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച കേരളത്തിലെ പുതിയതായി കണ്ടെത്തിയ ഒരു ഷഡ്പദ വർഗ്ഗത്തിന് തന്നെ തന്റെ പേരുകൊണ്ട് ആദരിക്കപ്പെടുകയും ചെയ്ത വിജയകുമാർ ബ്ലാത്തൂരിനെയും, NCD നിയമപോരാട്ട വിഷയത്തിൽ കോടതിയിൽ പോയ ശ്രീമതി സാബിറയെയും യോഗം ആദരിച്ചു.

സംഘടനയുടെ പൂർവ്വകാലനേതാക്കളും കഴിഞ്ഞ മാസങ്ങളിൽ റിട്ടയർ ചെയ്തവരുമായ

സംസ്ഥാനതല പ്രവർത്തകർക്ക് യാത്രയയപ്പ് നൽകി.

പിറ്റേന്ന് രാവിലെ 9 മണിക്ക് തന്നെ സംസ്ഥാന പ്രസിഡന്റ് പതാക ഉയർത്തി. ഐക്യബോധത്തിന്റെ കാഹളം മുഷ്ടിചുരുട്ടി ഉയർത്തിയ പ്രവർത്തകർ നാളെകളുടെ സ്വപ്നങ്ങൾ പൂവണിയുന്നതിനു വേണ്ടി ഒരുമിച്ച് പിടിക്കേണ്ട പതാകയെ വന്ദിച്ച് അതിനെ വാനിലേക്ക് ഉയർത്തിയപ്പോൾ മുദ്രാവാക്യം വിളിച്ചു.

രാവിലെ 10 ന് പീരുമേട് എം.എൽ.എ ഇ. എസ്. ബിജിമോൾ സമ്മേളനം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. സ്വാഗതം പറഞ്ഞ പ്രേമാനന്ദൻ അനീതികൾക്ക് എതിരെ പോരാട്ടം നയിച്ച പാരമ്പര്യം ഉള്ള ഒരു സംഘടനയാണ് KGPA എന്ന് എടുത്തുപറഞ്ഞു. 1940 മുതൽ ഇങ്ങോട്ടുള്ള സമരചരിത്രവും സംഘടനയുടെ നേട്ടങ്ങളും ഇടപെട്ട വിഷയത്തിലെ വൈവിധ്യവും എടുത്തുപറഞ്ഞു.

ഉദ്ഘാടന പ്രസംഗത്തിൽ രാസസംയുക്തങ്ങളുടെ കണ്ടുപിടിത്തമാണ് ഏറ്റവും വലിയ ശാസ്ത്രസംഭാവന എന്ന് ബിജിമോൾ പറഞ്ഞു. മനുഷ്യന്റെ ആയുർദൈർഘ്യം കൂടുന്നതിൽ മരുന്നിനുള്ള പങ്കിനെപ്പറ്റി സംസാരിച്ചു. ആരോഗ്യ കാര്യങ്ങൾ രൂപീകരിക്കുന്ന നിയമസഭാ കമ്മറ്റിയിൽ വസ്തുതകൾ ദീർഘവീക്ഷണത്തോടെ കൃത്യമായി എത്തിക്കാൻ സംഘടന ശ്രമിക്കണം എന്ന് ആവശ്യപ്പെട്ടു.

ആശംസകൾ അർപ്പിച്ച കെ.സി. അജിത്കുമാർ, എസ്. സുഗതൻ തുടങ്ങിയവരും ESI, മെഡിക്കൽ വിദ്യാഭ്യാസം മേഖലയിലെ നേതാക്കളും വർത്തമാന വ്യവസ്ഥയിലെ സംഘടനാ പോരാട്ടങ്ങളെ പറ്റി സംസാരിച്ചു.

പ്രവർത്തന റിപ്പോർട്ടിനെ കുറിച്ചുള്ള ചർച്ചയ്ക്കുള്ള മറുപടിയിൽ ESI മേഖലയിലെ ശമ്പളപരിഷ്കരണ നേട്ടങ്ങളെപ്പറ്റിയും, ഇനിയും പൂർത്തീകരിക്കേണ്ട 1:1 എന്ന റേഷ്യോയെ ആസ്പദമാക്കി തുടർ പ്രവർത്തനങ്ങൾക്കുള്ള സാധ്യതകളെ പറ്റിയും, മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ സ്റ്റോർ വെരിഫിക്കേഷൻ ടീം രൂപീകരിക്കുമ്പോൾ ജാഗ്രത പുലർത്തേണ്ടതിനെ ഓർമിപ്പിച്ചും ജനറൽ സെക്രട്ടറി പ്രേമാനന്ദൻ നീണ്ട മറുപടി പറഞ്ഞു.

എഴുതി നൽകിയ പ്രമേയങ്ങളുടെ വിഷയങ്ങളെപ്പറ്റി ജില്ല തിരിച്ച് സംസ്ഥാന വൈസ് പ്രസിഡന്റ് എസ്. രാജേഷ് കുമാർ സംസാരിച്ചു.

തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ ഒരു പാനൽ മാത്രമേ നിർദ്ദേശിക്കപ്പെട്ടുള്ളൂ. എസ്. വിജയകുമാർ (പ്രസിഡന്റ്), മനോജ് കുമാർ എം.എസ്. (ജനറൽ സെക്രട്ടറി), കെ.ടി. സദാനന്ദൻ (ട്രഷറർ), അബ്ദുൾ സലാം എം, അനിത ഡി എൻ, രാജേഷ് കുമാർ എസ് (വൈസ് പ്രസിഡന്റുമാർ) അഭിലാഷ് ജയറാം, മനോജ് എം കെ, സരസ്വതി കെ (സെക്രട്ടറിമാർ) രൂപേഷ് കെ (ഓഫീസ് സെക്രട്ടറി) മനോജ് ടി ജി (എഡിറ്റർ) എന്നിവർ സംഘടനയുടെ പുതിയ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടു

ഇടുക്കി ജില്ലയിൽ കോവിഡ് കാലത്തും ചിട്ടയോടെ സമ്മേളനം നടത്തി വിജയിപ്പിക്കാൻ ഒരുക്കം നടത്തിയ ജില്ലാതല പ്രവർത്തകരെ സമ്മേളനം അനുമോദിച്ചു. സമാപന സമ്മേളനത്തിന് നന്ദിപറഞ്ഞത് ഇടുക്കി ജില്ലയിലെ മുൻനിര പ്രവർത്തകനായ ബാബു കൃഷ്ണൻകുട്ടിയാണ്.

നേട്ടങ്ങളുടെ നെറുകയിൽ നിൽക്കുന്ന ഒരു കാലത്ത് പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ ഒരു തലമുറ സംഘടനയിൽനിന്ന് പിരിയുകയാണ്. അവരിലൂടെ വന്ന നേട്ടങ്ങൾ, അവരുടെ പ്രയത്നങ്ങൾ, മുന്നൊരുക്കങ്ങൾ ഓരോ ഫാർമസിസ്റ്റിനും പ്രചോദനമാവണം. ഇന്നുകളുടെ സൗഭാഗ്യങ്ങൾ എത്രയോ കാലം നീണ്ട പ്രവർത്തനങ്ങളുടെ അനന്തരഫലമാണ് എന്ന് പുതിയവർ തിരിച്ചറിയണം.



# കോവിഡ് കാലത്തെ മാനസികാരോഗ്യം



**ഡോ. വരദ പണിക്കത്ത്**
സൈക്യാട്രിസ്റ്റ്

**അ**ഭൂതപൂർവമായ ഒരു പ്രതിസന്ധിയിലൂടെയാണ് മനുഷ്യരാശി കഴിഞ്ഞ ഒന്നര വർഷക്കാലമായി കടന്നുപോകുന്നത്. 2019 ഡിസംബറിൽ ചൈനയിലെ വുഹാൻ പ്രവിശ്യയിൽ പടർന്നു തുടങ്ങിയ ആ 'പുതിയ കൊറോണ വൈറസ്' ലോകം മുഴുവൻ പകരാൻ വെറും മൂന്നു മാസമേ വേണ്ടിവന്നുള്ളൂ. അന്ന് മുതൽ ഈ യുദ്ധത്തിന്റെ മുൻനിരയിൽ പ്രവർത്തിക്കുന്നവരാണ് ഓരോ ആരോഗ്യപ്രവർത്തകനും. അതിൽ രോഗികളുമായി നേരിട്ട് സമ്പർക്കം പുലർത്തുന്നവരും അല്ലാത്തവരും ഉൾപ്പെടും.

പകർച്ചവ്യാധികളും മഹാമാരികളും നമ്മുടെ മാനസികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കും എന്നാണ് ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളത്. കോവിഡ് 19 ഉം അക്കാര്യത്തിൽ വ്യത്യസ്തമല്ല എന്ന് ലോകമെമ്പാടും നടന്ന പഠനങ്ങൾ തെളിയിക്കുന്നു. മഹാമാരിയുടെ തുടക്കത്തിൽ ആഗോളതലത്തിൽ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നത് 70-80% ജനങ്ങൾ ഏതെങ്കിലും തരത്തിലുള്ള മാനസികാസ്വാസ്ഥ്യങ്ങൾ കോവിഡ് മൂലം അനുഭവിക്കുന്നു എന്നാണ്. കുടുംബാംഗങ്ങളുടെയും അവനവന്റെയും ആരോഗ്യത്തെപ്പറ്റിയുള്ള ഉത്കണ്ഠ, തുടരെ തുടരെയുള്ള ലോക്ക്ഡൗൺ മൂലം സഞ്ചാരസ്വാതന്ത്ര്യത്തിലുള്ള ബുദ്ധിമുട്ടുകൾ, ജോലിയെയും സാമ്പത്തിക അവസ്ഥയെയും പറ്റിയുള്ള ഉത്കണ്ഠ എന്നിവ ഇതിൽ ചിലത് മാത്രം. രോഗികളുമായി നേരിട്ട് ഇടപെടേണ്ടി വരുന്ന ആരോഗ്യപ്രവർത്തകരിൽ ഇത്തരം ഭയങ്ങൾ താരതമ്യേന അധികമായി കണ്ടുവരുന്നുമുണ്ട്. മുന്നേ തന്നെ മാനസിക പ്രശ്നങ്ങൾ ഉള്ളവർ, ചെറുപ്രായത്തിൽ ഏതെങ്കിലും അപടങ്ങളിലൂടെയോ രോഗങ്ങളിലൂടെയോ കടന്നുപോയവർ, സ്ത്രീകൾ എന്നിവരിൽ ഇത്തരം മാനസിക പ്രശ്നങ്ങൾ കൂടുതൽ ആണെന്നും പഠനങ്ങൾ പറയുന്നു. ഇന്ത്യയിലെ അവസ്ഥയും വ്യത്യസ്തമല്ല. മെയ് 2020 ലെ പത്രറിപ്പോർട്ടുകൾ അനുസരിച്ച് ഇന്ത്യയിലെ കോവിഡ് ഇതര മരണങ്ങളുടെ പ്രധാന കാരണങ്ങളിലൊന്ന് ആത്മഹത്യ ആയിരുന്നു. ലോക്ക്ഡൗൺ മൂലമുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകളോ ഭാവിയെ കുറിച്ചുള്ള ഉത്കണ്ഠയോ രോഗഭീതിയോ ആയിരുന്നു പലപ്പോഴും ആത്മഹത്യയിലേക്കു നയിച്ചതും.

പൊതുജനങ്ങളെ മാനസികമായി ബാധിക്കുന്ന കോവിഡ് ആരോഗ്യപ്രവർത്തകരെ ഇതുവരെ നേരിടേണ്ടിവരാത്ത ഒരു പ്രത്യേക പ്രതിസന്ധിയിലേക്കാണ് തള്ളിയിട്ടത്. മുൻപൊരിക്കലും നേരിടേണ്ടിവരാത്ത സമ്മർദ്ദത്തിനാണ് പലപ്പോഴും ആരോഗ്യപ്രവർത്തകർ അടിമപ്പെടുന്നത്. എന്നു തീരും എന്നറിയാത്ത ഒരു പ്രതിസന്ധി കൂടെ ആകുമ്പോൾ സമ്മർദ്ദം ഇരട്ടിയാക്കുന്നു. ഇന്ത്യയിലെ പല ഭാഗങ്ങളിലും നടത്തിയ പഠനങ്ങൾ ആരോഗ്യപ്രവർത്തകരിലെ വിഷാദരോഗങ്ങൾ, ഉത്കണ്ഠ, ലഹരി ഉപയോഗം എന്നിവ മുൻകാലങ്ങളിലേക്കാൾ വർദ്ധിച്ചതായി പറയുന്നു. എന്ന് അവ

സാനിക്കുമെന്നോ എങ്ങനെ അവസാനിക്കുമെന്നോ ഒരു അറ്റം കാണാത്ത പ്രതിസന്ധിയാണ് കോവിഡ്. ഈ കാലഘട്ടത്തിൽ മാനസികാരോഗ്യം നിലനിർത്തുന്നതെങ്ങനെ എന്ന് നമുക്കൊന്ന് നോക്കാം.

**അമിതമായ മീഡിയ ഉപയോഗം കുറയ്ക്കുക**

വാർത്തകളും വിശകലനങ്ങളും ആവശ്യം തന്നെ. പക്ഷെ അമിതമായാൽ അമൃതും വിഷം എന്ന് ഓർക്കുക. ഒരു പരിധിയിൽ അപ്പുറം കോവിഡിനെപ്പറ്റിയുള്ള വിവരങ്ങൾക്കും വിശകലനങ്ങൾക്കും ചെവി കൊടുക്കാതിരിക്കുക. നിങ്ങളുടെ തൊഴിൽ ഇത്തരം വിവരങ്ങൾ ആവശ്യപ്പെടുന്നുണ്ടെങ്കിൽ കൃത്യമായ ഇടവേളകൾ എടുക്കുക. വിവരങ്ങളുടെ അതിപ്രസരം ഉത്കണ്ഠ വർധിപ്പിക്കും എന്ന് മനസ്സിലാക്കുക.

**ശാരീരിക ആരോഗ്യം ശ്രദ്ധിക്കുക**

- കൃത്യമായ വ്യായാമം, സമീകൃതാഹാരം എന്നിവ ശീലമാക്കുക
- ജോലിത്തിരക്കുകളിൽ ആഹാരം മറക്കാതിരിക്കുക
- ആവശ്യത്തിന് വെള്ളം കുടിക്കുക
- പഴവർഗ്ഗങ്ങളും പച്ചക്കറികളും ആഹാരത്തിന്റെ ഭാഗമാക്കുക.
- യോഗ, മെഡിറ്റേഷൻ എന്നിവയും ശീലിക്കാവുന്നതാണ്.
- ലഹരിവസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക.
- മറ്റ് ആരോഗ്യപ്രശ്നങ്ങൾക്ക് തുടർന്നുകൊണ്ടിരുന്ന ചികിത്സ തുടരുക. ആവശ്യമെങ്കിൽ ഡോക്ടറുമായി ബന്ധപ്പെടുക.
- ആവശ്യത്തിന് ഉറക്കം ഉറപ്പുവരുത്തുക.

**വിശ്രമവേളകൾ ആനന്ദകരമാക്കുക**

ജോലിത്തിരക്കുകളിലോ ഉത്തരവാദിത്വങ്ങളിലോ നമ്മൾ മറന്നുപോയ മാറ്റിവച്ച ഇഷ്ടങ്ങൾ ഉണ്ടാകും, വായന, ചിത്രരചന, സംഗീതം, നൃത്തം അങ്ങനെ പലതും. ഇത്തരം ഇഷ്ടങ്ങൾക്കായി സമയം മാറ്റിവയ്ക്കുക.

**സാമൂഹികബന്ധങ്ങൾ ഊട്ടിയുറപ്പിക്കുക**

തുറന്നു സംസാരിക്കാൻ കഴിയുന്ന, നമ്മെ മനസ്സിലാക്കാൻ കഴിയുന്ന സുഹൃത്തുക്കളോടോ ബന്ധുക്കളോടോ ബന്ധം പുലർത്തുക. മനസ്സിലെ ആധികളും ഉത്കണ്ഠകളും ആരോടെങ്കിലും തുറന്നുപറയുമ്പോൾ പലപ്പോഴും ലഘൂകരിക്കപ്പെടും. സാമൂഹ്യ സന്ദർശനങ്ങൾ സാധ്യമല്ലാത്ത ഇക്കാലത്തു നൂതന സാങ്കേതികവിദ്യകളെ ഇതിനു നമുക്ക് ആശ്രയിക്കാനാവും Zoom, Google meet എന്നിവ സൗഹൃദ സംഭാഷണങ്ങൾക്കും virtual കൂടിച്ചേരലുകൾക്കും ഉപയോഗിക്കാവുന്നതാണ്. കല്യാണങ്ങൾക്കും ആഘോഷങ്ങൾക്കും പലപ്പോഴും എത്തിപ്പെടാൻ സാധിക്കാത്ത കുടുംബാംഗങ്ങൾ virtual ആശംസകൾ നേരുന്നതും പങ്കെടുക്കുന്നതും ഇക്കാലത്തു സാധാരണമാണല്ലോ.

**വൈദ്യസഹായം തേടാൻ മടിക്കല്ലേ**

ഓരോ വ്യക്തിയുടെയും പ്രതിസന്ധികളെ നേരിടാനുള്ള കഴിവ് (coping strategies), സമ്മർദ്ദങ്ങളെ അതിജീവിക്കാനുള്ള ശക്തി (stress tolerance) എന്നിവ ഓരോരുത്തരുടെയും വ്യക്തിത്വത്തിനെയും ജീവിതസാഹചര്യങ്ങളെയും അനുസരിച്ച് വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ യോഗ, ധ്യാനം എന്നിവയൊക്കെ എല്ലാവരെയും സഹായിക്കണം എന്നില്ല. സമ്മർദ്ദം അസഹനീയമാകുമ്പോൾ, കൈവിട്ടുപോകുന്നു എന്ന് തോന്നുമ്പോൾ വൈദ്യസഹായം തേടാൻ ഒരിക്കലും മടികാണിക്കരുത്.

1. ഉറക്കക്കുറവ്
2. താൽപര്യക്കുറവ്
3. തുടരെത്തുടരെയുള്ള ആത്മഹത്യാചിന്തകൾ
4. ജോലിയിലെ ശ്രദ്ധക്കുറവ്
5. മറവി
6. രണ്ടാഴ്ചയിലേറെ നീണ്ടുനിൽക്കുന്ന അകാരണമായ വിഷാദം, വെപ്രാളം
7. അനിയന്ത്രിതമായ ലഹരി ഉപയോഗം

എന്നിവ നിങ്ങൾക്ക് വൈദ്യസഹായം ആവശ്യമാണ് എന്നതിന്റെ ചില സൂചനകൾ ആണ്.

**കുട്ടികളുടെ മാനസികാരോഗ്യം**

കോവിഡ് രോഗം പൊതുവെ കുട്ടികളിൽ ഗുരുതരമാകുന്നത് കുറവായാണ് ഇതുവരെയുള്ള വിശകലനങ്ങൾ കാണിക്കുന്നത്. പക്ഷെ മാനസികാരോഗ്യം ഏറ്റവും അധികം ബാധിക്കപ്പെടുന്ന ഒരു വിഭാഗമാണ് കുട്ടികൾ. ഒരു വർഷത്തോളമായി സ്കൂളുകളോ, പുറംലോകത്തെ കളികളോ ഇല്ലാത്തത്, വിനോദയാത്രകളുടെയും സുഹൃദ്സംഗമങ്ങളുടെയും അഭാവം എന്നിവ കുഞ്ഞുങ്ങളെ ബാധിക്കുന്നുണ്ട്. നമ്മുടെ കുഞ്ഞുങ്ങളെ നമുക്ക് എങ്ങനെ സഹായിക്കാനാകും?

കുഞ്ഞുങ്ങളിലെ ഉത്കണ്ഠ, സ്ട്രെസ്സ് ഒക്കെ മറ്റു പല രീതിയിലും ആണ് പുറമെ പ്രത്യക്ഷപ്പെടുക.

നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് താഴെ പറയുന്ന മാറ്റങ്ങൾ ഉണ്ടോ എന്ന് മനസ്സിലാക്കുക എന്നതാണ് ആദ്യത്തെ ഘട്ടം.


1. അകാരണമായി വാശി, കരച്ചിൽ
2. ചെറിയ കുട്ടികളുടേതു പോലുള്ള സ്വഭാവങ്ങൾ (ഉറക്കത്തിൽ അറിയാതെ മൂത്രം പോകുക, വിരൽ കടിക്കുക എന്നിവ)
3. അകാരണമായ ഉത്കണ്ഠ, സങ്കടം
4. അനാരോഗ്യകരമായ ഭക്ഷണശീലങ്ങൾ, അനിയന്ത്രിതമായ ഉറക്കം
5. കൗമാരക്കാരിൽ അനിയന്ത്രിതമായ ദേഷ്യം, അക്രമസ്വഭാവങ്ങൾ എന്നിവ
6. പഠനത്തിൽ താല്പര്യമില്ലായ്മ, പിന്നാക്കം പോകൽ
7. കളികളിലോ മറ്റു വിനോദങ്ങളിലോ താല്പര്യമില്ലായ്മ
8. ഏകാഗ്രത കുറവ്
9. അകാരണമായ ശരീരവേദന, തലവേദന മുതലായവ
10. ലഹരി വസ്തുക്കളുടെ ഉപയോഗം

**കുട്ടികൾക്ക് മാനസിക പിന്തുണ നൽകുന്നതെങ്ങനെ?**

1. കുട്ടികളുമായി തുറന്നു സംസാരിക്കുക എന്നതാണ് ആദ്യത്തെ പടി. സാമൂഹ്യമാധ്യമങ്ങളിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും വിവര അതിപ്രസരത്തിനു കുട്ടികളും ബാധിക്കപ്പെടുന്നുണ്ട്. നെല്ലേത്, പതിരേത് എന്ന് തിരിച്ചറിയാത്ത അവർക്ക് അത് പറഞ്ഞു കൊടുക്കേണ്ടത് മാതാപിതാക്കൾ തന്നെയാണ്. ചെറിയ സംശയങ്ങളെ പോലും അവഗണിച്ചുകളയാതെ നിവർത്തിച്ചു കൊടുക്കേണ്ടത് അത്യാവശ്യമാണ്.
2. കുട്ടികൾ സുരക്ഷിതരാണെന്ന് അവരെ മനസ്സിലാക്കി കൊടുക്കുക. സ്വന്തം സുരക്ഷയ്ക്കും മറ്റുള്ളവരുടെ സുരക്ഷയ്ക്കും ഓരോരുത്തരും എടുക്കേണ്ട മുൻകരുതലുകളും സുരക്ഷാമാർഗ്ഗങ്ങളും വീഡിയോകളിലൂടെയോ കളികളിലൂടെയോ അവർക്ക് പറഞ്ഞുകൊടുക്കാം. വീട്ടിൽ എല്ലാവരും അത് പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താനുള്ള ചുമതല കൂടി കുട്ടികളെ ഏൽപ്പിച്ചാൽ കൂടുതൽ നന്ന്.
3. സമയനിഷ്ഠ ശീലിപ്പിക്കുക. സ്കൂളിൽ പോകേണ്ട എന്നതുകൊണ്ട് വൈകി എഴുന്നേൽക്കാനും പഠിക്കാതിരിക്കാനും അനുമതി കൊടുക്കാതിരിക്കുക. പഠനത്തിനും വിനോദത്തിനും കൃത്യമായ സമയം പാലിക്കാൻ പരിശീലിപ്പിക്കുക.
4. കുട്ടികൾക്ക് സ്വയം ഒരു റോൾ മോഡൽ ആകുക.
5. കുട്ടികളുടെ കൂടെ സമയം ചെലവഴിക്കാൻ ശ്രമിക്കുക. അവർക്ക് കൂടെ താല്പര്യമുള്ള കാര്യങ്ങൾ, എന്നാൽ ആരോഗ്യകരമായവ ആകണം ഈ സമയത്തു ചെയ്യേണ്ടത്.
6. ലഹരിവസ്തുക്കളുടെ ഉപയോഗം, അനിയന്ത്രിതമായ അക്രമസ്വഭാവം എന്നിവ ഉണ്ടെന്നു തോന്നിയാൽ വൈദ്യസഹായം തേടാൻ മടിക്കരുത്.

എല്ലാം അതിജീവിച്ചു പരസ്പരം കൈ കൊടുക്കാനും കെട്ടിപ്പിടിക്കാനും സാധിക്കുന്ന, ഭയപ്പാടില്ലാതെ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാവുന്ന, ആഘോഷിക്കാവുന്ന ഒരു കാലം വരുമ്പോൾ സന്തോഷിക്കാൻ നമ്മൾ മനസ്സിനെ ഇപ്പോൾ തണുപ്പിച്ചേ മതിയാകൂ.

# സംസ്ഥാന നേതാക്കൾ വിരമിച്ചു



**എം. കെ പ്രേമാനന്ദൻ**

കോഴിക്കോട് കുന്ദമംഗലം സ്വദേശിയായ പ്രേമാനന്ദൻ 1990 ൽ ആണ് താൽക്കാലിക സർവ്വീസിൽ ആരോഗ്യമേഖലയിൽ സേവനം ആരംഭിക്കുന്നത്. 1992 മുതൽ കണ്ണൂർ ജില്ലയിലെ കടന്നപ്പിള്ളി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഫാർമസിസ്റ്റ്.

2004 മുതൽ 2020 വരെ കോഴിക്കോട് മടവൂർ PHC യിൽ ജോലിചെയ്തു. 16 വർഷം നീണ്ടുനിന്ന മടവൂർ സേവനത്തിന് ഒടുവിൽ പഞ്ചായത്ത് ഒരു പവൻ സ്വർണ്ണം നൽകി ആദരിച്ചു. അങ്ങനെ ജനകീയ അംഗീകാരം ഏറ്റുവാങ്ങി PSK ആയി FW സ്റ്റോർ മലപ്പുറത്ത് നിയമിതനായി. 2021 മെയ് മാസം കോഴിക്കോട് W&C ഹോസ്പിറ്റലിൽനിന്ന് വിരമിച്ചു.

1992 ൽ തന്നെ അന്നത്തെ KGPA കണ്ണൂർ ഭാരവാഹികളിൽനിന്ന് അദ്ദേഹം സംഘടനയെപ്പറ്റി മനസ്സിലാക്കി മെമ്പർഷിപ്പ് എടുത്തു. കെ. വത്സരാജിനെ പോലുള്ള അക്കാലത്തെ സംസ്ഥാനതല നേതാക്കളുടെ പ്രസംഗങ്ങളിലൂടെ അദ്ദേഹം കൂടുതൽ ഊർജ്ജസ്വലനായി KGPA യുടെ കറകളഞ്ഞ പ്രവർത്തകനായി മാറി.

2002 ൽ കോഴിക്കോട് FIPO യുടെ ജില്ലാ സെക്രട്ടറിയായി. 2005 മുതൽ KGPA യുടെ കോഴിക്കോട് ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. 2012 മുതൽ 2019 വരെ KGPA യുടെ മുഖപത്രമായ ഫാർമസി ബുള്ളറ്റിന്റെ പത്രാധിപരായിരുന്നു. 2019 മുതൽ ജനറൽ സെക്രട്ടറിയും.

30 ഓളം ഫാർമസി ബുള്ളറ്റിൻ അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ ഇറങ്ങുകയും അതിൽ ഒന്ന് സുവർണ്ണ ജൂബിലി പതിപ്പുമായിരുന്നു.

ജനറൽ സെക്രട്ടറി എന്ന നിലയിൽ സംഘടനാപരമായി നിരന്തരം യാത്ര ചെയ്തും ഫയലുകൾ നീക്കിയും ശമ്പളപരിഷ്കരണം മുതൽ വിവിധ തലങ്ങളിൽ സംഘടനയെ പ്രതിനിധീകരിച്ച് സംസാരിച്ചും ഒരു വലിയ മുന്നേറ്റം അടുത്ത കാലങ്ങളിലായി സംഘടനയ്ക്ക് സംഭാവന ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു. സൗമ്യവും അതോടൊപ്പം ഉൾക്കാഴ്ചയുള്ള മനോഭാവവും ഉള്ള ഒരു നേതാവ് തന്നെയായിരുന്നു പ്രേമാനന്ദൻ.

ശാന്തനായി തന്റെ കർത്തവ്യങ്ങൾ നിറവേറ്റപ്പെടുന്നു എന്ന് ഉറപ്പാക്കി പിൻതുടർച്ചകളിലൂടെ ലക്ഷ്യസ്ഥാനത്തെ നിർണ്ണയിച്ച ഏവർക്കും വേണ്ടപ്പെട്ട ഒരു സംഘടനാ നേതാവ് എന്ന് പ്രോമനന്ദൻ വിശേഷിപ്പിക്കപ്പെടുന്നു.

നീണ്ട നാളുകൾ ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കേണ്ടിയിരുന്ന ഒരാളായിരുന്നു പ്രേമാനന്ദൻ എന്ന് അനുഭവ പരിചയമുള്ളവർ വിലയിരുത്തുന്നു.

വരുംനാളുകളിലും സംഘടനാരംഗത്ത് പലരും ഏറ്റ് പഠിക്കേണ്ട പ്രാവർത്തികമാക്കേണ്ട ഔന്നത്യങ്ങൾ ഉള്ള ഒരാൾ എന്നും മാതൃകയായി നമുക്ക് മുന്നേ നടക്കട്ടെ.

## കെ. സി. ശശിധരൻ



1984 ൽ തൃശൂർ മന്നം കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽസിൽ നിന്ന് ഒന്നാം റാങ്കോടെ ഡി.ഫാം പാസ്സായ ശശിധരൻ 1986 ൽ കോഴിക്കോട് കോർപ്പറേഷൻ ഡിസ്പെൻസറിയിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു.

1990 ൽ PSC നിയമനം ലഭിക്കും മുമ്പ് കുറച്ചുനാൾ മൂന്നാർ ടാറ്റാ ഹോസ്പിറ്റലിൽ ഫാർമസിസ്റ്റായിരുന്നു.

സ്വന്തം ജില്ലയായ മലപ്പുറത്ത് ശശിധരൻ ജോലിക്കായി എത്തുന്നത് 1999 ലാണ്. നിരവധി സംഘടനാതലങ്ങളിൽ പ്രവർത്തിച്ച പരിചയവുമായി അദ്ദേഹംദീർഘകാലം KGPA യുടെ സംസ്ഥാന സെക്രട്ടേറിയറ്റ് മെമ്പർ ആയിരുന്നു. പിന്നീട് സംസ്ഥാന വൈസ് പ്രസിഡന്റായും സംഘടനയെ നയിച്ചു.

ഫാർമസിസ്റ്റ് ജോലിക്കൊപ്പം സംഘടനാ പ്രവർത്തനവും കാര്യക്ഷമമായി നടത്തിയ ശശിധരൻ നല്ല ഒരു ഗായകനാണ്.

## പ്രദീപ് കുമാർ കെ. പി.



നീണ്ട 26 വർഷം ആരോഗ്യവകുപ്പിൽ ജോലിചെയ്ത് PSK ആയി വിരമിച്ച പ്രദീപ് കുമാർ KGPA യെ തൃശൂർജില്ലയിൽ അനേകവർഷം വിവിധ സ്ഥാനങ്ങളിൽ നിന്ന് നയിച്ചിട്ടുണ്ട്. 1994 ൽ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നാണ് ആരോഗ്യ വകുപ്പിൽ എത്തിയത്.

തൃശൂർ DMO ഓഫീസ് കേന്ദ്രീകരിച്ച് പ്രവർത്തിച്ച് സംഘടനാരംഗത്ത് നിരവധി പുതുമുഖങ്ങൾക്ക് മാർഗ്ഗനിർദ്ദേശകനായി നിന്ന പ്രദീപ് 2002 ലെ ഐതിഹാസിക പൊതുപണിമുടക്കിൽ 32 ദിവസം വേതനം നഷ്ടപ്പെടുത്തി സമരം ചെയ്തു.

വയനാട് ജില്ലയിലേക്ക് PSK ആയി പ്രൊമോഷൻ കിട്ടി പോയെങ്കിലും പിന്നീട് കോടതി ഇടപെടലോടെ സ്വന്തം തട്ടകത്ത് തിരിച്ചെത്തി. 2021 ഫെബ്രുവരിയിൽ സർവ്വീസിനോട് വിടപറഞ്ഞു. KGPA സംസ്ഥാന കമ്മറ്റി മെമ്പർ ആയിരുന്നു. തൃശൂർ നഗരത്തിൽ താമസിക്കുന്നു.

## ഡി. മുറാദ്



1984 ൽ പാലക്കാട് ജില്ലയിൽ സർവ്വീസിൽ കയറി. 1985 ൽ PSC നിയമനം തൃശൂർ ജില്ലയിൽ ആയിരുന്നു. തുടർന്ന് സ്വന്തം ജില്ലയായ ആലപ്പുഴയിലേക്ക്. 1982 മുതൽ ആലപ്പുഴ ഗവ. മെഡിക്കൽ കോളേജിൽ തുടർന്നുവന്നു. 2009 ൽ ബൈഫർക്കേഷൻ സമയത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ചേക്കേറി. 25 വർഷം ആരോഗ്യവകുപ്പിലും, പിന്നീട് 12 വർഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലുമായി ജോലിചെയ്ത് 2021 മെയ് 31 ന് വിരമിച്ചു.

നിരവധി വർഷങ്ങൾ ആലപ്പുഴ ജില്ലാ സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലയിൽ KGPA യെ നയിച്ചു. നമ്മുടെ നേതാക്കളായ MNVG അടിയോടി, പി വി വിജയൻ, വത്സരാജ് എന്നിവർക്ക് ഒപ്പം പ്രവർത്തിച്ചിട്ടുണ്ട്. ഫാർമസി കൗൺസിൽ ഇലക്ഷനിലും മത്സരിച്ചിട്ടുണ്ട്. KGPA നടത്തിയ എല്ലാ സമര പോരാട്ടങ്ങളിലും സജീവമായി പങ്കെടുത്തിട്ടുണ്ട്.

53-ാമത് സംസ്ഥാന സമ്മേളനം ആലപ്പുഴയിൽ നടന്നപ്പോൾ സമ്മേളനത്തിന്റെ ജനറൽ കൺവീനർ ആയിരുന്നു. പിന്നീട് സംസ്ഥാന സെക്രട്ടറി, സംസ്ഥാന വൈസ് പ്രസിഡന്റ്, DME സബ് കമ്മറ്റി ചെയർമാൻ, കൺവീനർ എന്നീ നിലകളിലും പ്രവർത്തിച്ചു.

നല്ല ഒരു വയലിനിസ്റ്റും, ഓടക്കുഴൽ വാദകനുമാണ് ശ്രീ. മുറാദ്. താമസം ആലപ്പുഴയ്ക്ക് അടുത്ത് ആര്യാട്.

## നിവേദനങ്ങൾ

1. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിലെ ഇ എസ് ഐ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റുക ളുടെ ജോലിയും, ചുമതലകളും സംബന്ധിച്ച് ആവ ശ്യമായ മാറ്റം വരുത്തി ഉത്തരവ് ഇറക്കണമെന്ന് ആവ ശ്യപ്പെട്ടുകൊണ്ട് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടർക്ക് നിവേദനം നൽകി.
2. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയ റക്ടർ, സ്റ്റോർ ഓഫീസർ തസ്തികകളിലെ ഒഴിവുകൾ അടിയന്തിരമായി നികത്തണം എന്നാവശ്യപ്പെട്ട് ആരോ ഗ്യവകുപ്പ് ഡയറക്ടർക്ക് നിവേദനം നൽകി.
3. ആരോഗ്യവകുപ്പിന് കീഴിലെ വിവിധ ആശുപത്രികളി ലും, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഫാർമസിസ്റ്റ് തസ്തികകളുടെ കുറവ് ചൂണ്ടിക്കാണിച്ചുകൊണ്ട് ആരോഗ്യമന്ത്രിക്ക് നിവേദനം നൽകി.
4. മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ സ്റ്റോർ പരിശോധ നാവിഭാഗം രൂപീകരിക്കണമെന്ന് ആവശ്യപ്പെ ട്ടുകൊണ്ട് ആരോഗ്യവകുപ്പ് മന്ത്രിക്ക് നിവേദനം നൽകി.
5. വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ ടി ഐ കളിലെ റദ്ദ് ചെയ്ത ഫാർമസിസ്റ്റ് തസ്തിക കൾ ആരോഗ്യവകുപ്പിലേക്ക് പുനഃസ്ഥാപിച്ച് കിട്ടുന്ന തിനുവേണ്ടി ആരോഗ്യവകുപ്പ് മന്ത്രിക്ക് നിവേദനം നൽകി.
6. ആരോഗ്യവകുപ്പിലെ 4 നോൺ ഗസറ്റഡ് സ്റ്റോർ സൂപ്രണ്ട് തസ്തികകൾ പുതിയ ശമ്പളപരിഷ്കരണ പ്രകാരം ഗസറ്റഡ് തസ്തിക ആയി മാറിയെങ്കിലും ആ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള സാങ്കേതിക തടസ്സം മാറ്റി നൽകണം എന്നാവശ്യപ്പെട്ട് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിവേദനം നൽകി.
7. ആരോഗ്യ വിദ്യഭ്യാസ വകുപ്പിലേക്ക് ഉള്ള ഫാർമസിസ്റ്റ് Gr. II PSC ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് വരു ത്തണം എന്നാവശ്യപ്പെട്ട് PSC ചെയർമാൻ നിവേദനം നൽകി.
8. ക്ലിനിക്കൽ ഫാർമസിസ്റ്റ് തസ്തികയ്ക്കുള്ള യോഗ്യത യിൽനിന്ന് M.Pharm (ഫാർമസി പ്രാക്ടീസ്) ബിരു ദാനന്തര ബിരുദധാരികളെ ഒഴിവാക്കികൊണ്ടുള്ള ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ ഫാർമസി പ്രാക്ടീസ് റഗുലേഷൻ 2015 ചട്ടത്തിൽ വരുത്തിയ ഭേദഗതിയിൽ മാറ്റം വരുത്തണം എന്നാവശ്യപ്പെട്ട് ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ പ്രസിഡന്റിന് നിവേദനം നല്കി.
9. ആരോഗ്യവകുപ്പിൽ ഫാർമസിസ്റ്റ് തസ്തികയുടെ കുറവ് പരിഹരിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് നിവേദനം നല്കി.
10. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഫാർമസിസ്റ്റ് ഗ്രേഡ് II (കോഴിക്കോട്) ജില്ലാ തല റാങ്ക് പട്ടിക അടിയന്തിരമായി പ്രസിദ്ധീകരിച്ചു പി.എസ്. സി നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാന് നിവേദനം നൽകി
11. ആരോഗ്യ വകുപ്പ് ഫാർമസി വിഭാഗം ജീവനക്കാരുടെ ചുമതലകളും,ഉത്തരവാദിത്വങ്ങളും പുനർനിർണ യിച്ചു കൊണ്ടുള്ള ഉത്തരവ് ഉണ്ടാക്കി തരണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്കു നിവേദനം നൽകി
12. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംവ രണം ചെയ്തിരിക്കുന്ന ആരോഗ്യ വകുപ്പിലെ ഫാർമ സിസ്റ്റ് ഗ്രേഡ് II തസ്തികയുടെ ജില്ലാ തല റാങ്ക് പട്ടിക അടിയന്തിരമായി പ്രസിദ്ധീകരിച്ചു ഒഴിവുള്ള തസ്തി കകളിൽ പി.എസ്.സി നിയമനം നടത്തുന്നതിനാവ ശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേരള പബ്ലിക് സർവീസ് കമ്മീഷൻ ചെയർ മാന് നിവേദനം നൽകി
13. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി നടത്തിയ ചർച്ചയുടെ നടപടികുറിപ്പു പ്രകാരം ഫാർമസിസ്റ്റ് സ്റ്റോർകീപ്പർ തസ്തികയുടെ നാമം പുനർനാമകരണം നടത്തി ഡെപ്യൂട്ടി സ്റ്റോർ സൂപ്രണ്ട് എന്ന് പരിഷ്കരിക്കുന്നതു വേണ്ട ശുപാർശ നൽകണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർക്കു നിവേദനം നൽകി

### കൊല്ലം

## കോവിഡ് ചികിത്സാ ഉപകരണങ്ങൾ വിതരണം ചെയ്തു

കേരള ഗവ. ഫാർമസിസ്റ്റ് അസ്സോസിയേഷൻ കൊല്ലം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജിലെ കോവിഡ് രോഗികളുടെ ചികിത്സയക്കായി ചികിത്സാ ഉപകരണങ്ങൾ ആശുപത്രി സൂപ്രണ്ട് ഡോ. ഹബീബ് നസീമിന് 19/05/2021 ൽ ആശുപത്രി അങ്കണത്തിൽ സംസ്ഥാന പ്രസിഡന്റ് എസ് വിജയകുമാർ കൈമാറി. കോവിഡ് വ്യാപനത്തിന്റെ ഒന്നാം ഘട്ടത്തിൽ രണ്ട് ലക്ഷം രൂപയോളം വില വരുന്ന ചികിത്സാസാമഗ്രികൾ സംഘടന വിതരണം ചെയ്തിരുന്നു.

ജില്ലാ സെക്രട്ടറി മുഹമ്മദ് ഷാഫി, സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം, ശ്രീ സന്തോഷ് കുമാർ ജില്ലാ കമ്മിറ്റി അംഗം രാജ്കുമാർ ഇൻഫെക്ഷൻ കൺട്രോൾ, സ്റ്റാഫ് നേഴ്സ് ലിഷാ, പി.ആർ.ഒ. അരുൺ കൃഷ്ണൻ എന്നിവർ പങ്കെടുത്തു.

### എറണാകുളം

## പൾസ് ഓക്സി മീറ്ററുകൾ വിതരണം ചെയ്തു

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേരള ഗവ. ഫാർമസിസ്റ്റ്സ് അസ്സോസിയേഷൻ എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ അങ്കമാലി അഡ്‌ലക്സ് കോവിഡ് ചികിത്സാ കേന്ദ്രത്തിലേക്ക് പൾസ് ഓക്സി മീറ്ററുകൾ വിതരണം ചെയ്തു. റോജി എം ജോൺ എം എൽ എ യിൽ നിന്ന് നോഡൽ ഓഫീസർ ഡോ. നസീമ നജീബ് പൾസ് ഓക്സി മീറ്ററുകൾ ഏറ്റുവാങ്ങി.

കേരള ഗവ. ഫാർമസിസ്റ്റ്സ് അസ്സോസിയേഷൻ ജനറൽ സെക്രട്ടറി എം.എസ്. മനോജ്കുമാർ, ജില്ലാ പ്രസിഡന്റ് എം.കെ. മനോജ്, സെക്രട്ടറി ടി.ജി. രജിത, ഖജാൻജി ബിജൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

### കോഴിക്കോട്

## കോവിഡ് ആശുപത്രിക്ക് സർജിക്കൽ ഗൗൺ നൽകി

കേരള ഗവ. ഫാർമസിസ്റ്റ് അസ്സോസിയേഷൻ കോഴിക്കോട് ജില്ലാ കമ്മിറ്റി ഫറോക് ഇ എസ് ഐ ആശുപത്രിയിലെ കോവിഡ് ആശുപത്രിക്ക് 50 സർജിക്കൽ ഗൗൺ നൽകി. ജില്ലാ സെക്രട്ടറി പി ശ്രീലേഷ്, എം.എൽ.എ. പി എ മുഹമ്മദ് റിയാസിന് കൈമാറി. സി ജെ അനു, മഹ്‌തസം ബില്ല, കെ എം ജിതേഷ്, സൂപ്രണ്ട് ഡോ. സുധീർ കുമാർ, ഡോ. വി കെ അനിൽ കുമാർ, പി പ്രവീൺ കുമാർ, എം സമീഷ് എന്നിവർ പങ്കെടുത്തു.

### മലപ്പുറം

മലപ്പുറം ജില്ലയിലെ പുതിയ കെ.ജി.പി.എ അംഗങ്ങൾക്ക് അവശ്യം വേണ്ട ജോലി പരിജ്ഞാനം നൽകുക അറിവ് വർദ്ധിപ്പിക്കുക, സർവ്വോപരി സംഘടനയിലേക്ക് അംഗങ്ങളെ കൂടുതൽ ചേർത്തു പിടിക്കുക തുടങ്ങിയ ഉദ്ദേശത്തോടെ 2021 ജൂൺ 5 മുതൽ കെ.ജി.പി.എ മലപ്പുറം ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ പ്രതിവാര ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ജൂൺ 5 മുതൽ വിവിധ ആഴ്ചകളിൽ ജില്ലയിൽ നിന്നുള്ള ഫാർമസിസ്റ്റുമാരായ ദീപക്.ജി, സമോദ്.കെ.പി, ശ്രീധരൻ മേലേത്തൊടി, ജോസ് ബെൻ റോയ്, കോഴിക്കോട് ജില്ലയിൽ നിന്നുള്ള രൂപേഷ്.ആർ, രതീഷ് കുമാർ എൻ.എം എന്നീ ഫാർമസിസ്റ്റുമാരും കോഴിക്കോട് ഗവ.ഫാർമസി കോളേജ് അസി. പ്രൊഫസറായ ജിജിത്ത് യു.എസ്, ചാലക്കുടി താലൂക്ക് ആശുപത്രി PSK മേരീസ്.ടി.എൽ , വിവിധ വിഷയങ്ങളിൽ ഓൺലൈൻ ക്ലാസ്സ് വഴി വിജ്ഞാനമേകി.

## കണ്ണൂർ

കേരളാ ഗവൺമെന്റ് ഫാർമസിസ്റ്റ്സ് അസോസിയേഷൻ നേതാക്കളായിരുന്ന അകാലത്തിൽ പൊലിഞ്ഞ കെ.എം വിജയന്റേയും കെ. വത്സരാജിന്റേയും അനുസമരണം 2021 ജൂലായ് 22 ന് രാത്രി 9 മണിക്ക് സംഘടിപ്പിച്ചു. സംഘടനയുടെ ചരിത്രത്തിൽ ആവേശോജ്ജ്വലമായ ഒരു അധ്യായം എഴുതിച്ചേർത്ത ഈ നേതാക്കളുടെ ഓർമ്മകൾ പങ്കുവെക്കുന്ന പരിപാടിയിൽ നിരവധി ഫാർമസിസ്റ്റുമാർ പങ്കെടുത്തു. കെ. വത്സരാജിന്റെ 19–ാം ചരമ വാർഷിക ദിനത്തിൽ മുൻ കേരളാ സംസ്ഥാന ഫാർമസി കൗൺസിൽ പ്രസിഡന്റ് ശ്രീ. കെ.സി അജിത് കുമാർ അനുസ്മരണ പ്രഭാഷണം നടത്തി.

സർക്കാർ മേഖലയിലെ ഫാർമസിസ്റ്റുമാരുടെ ഏക സംഘടനയായ കെ.ജി.പി.എ സ്ഥാപകദിനം കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സമുചിതമായി ആചരിച്ചു. 2021 ജൂൺ 11 വെള്ളിയാഴ്ച രാത്രി 8 മണിക്ക് ഗൂഗിൾ മീറ്റിലൂടെ നടന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് വിജയകുമാർ .എസ് സ്ഥാപകദിന സന്ദേശം നൽകി. സംസ്ഥാന സെക്രട്ടേറിയറ്റ് മെമ്പർ നന്ദനൻ സി.കെ. രമേശൻ എം എന്നിവർ ആശംസകൾ നേർന്നു.

**കവിത**



**സരസ്വതി കെ.**
ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ
ജനറൽ ആശുപത്രി,
തലശ്ശേരി

# ഋതുഭേദങ്ങൾ

ജാലകവാതിലിനപ്പുറം കണ്ടു ഞാൻ
കണ്ണുനീരല്ല നിന്നമ്മതൻ മിഴികൾ
വിങ്ങിത്തുളുമ്പി പെയ്തിറങ്ങുന്നൂ
ചുടുനിണച്ചാലുകൾ

സഹിക്കാവതല്ല തിരിഞ്ഞൊന്നു നോക്കീടാ-
തുപേക്ഷിച്ചകന്ന നിൻ കാൽപാടു മേലെ
തകർന്നു നിന്നമ്മ വീണ കാഴ്ച

തോൽക്കുമമാവാസി പോലുമാ-
വൃദ്ധസദനത്തിനകത്തള ശൂന്യതയി-
ലമരാതെ, പൊട്ടിയുയർന്നോരാ തേങ്ങൽ
നിന്നമ്മതൻ നെഞ്ചിൽ നിന്നായിരുന്നു.

നിന്നിളം പാദങ്ങളീഭൂവിലൂന്നിയുറച്ചു
നിന്നീടുവാനന്നു താങ്ങായിരുന്നോരാ-
കൈവിരലുകളുമൊപ്പം നൂറുമ്മ
തന്നു നിൻ സങ്കടം മൂടിയാ - ചുണ്ടുകളും
വിറകൊള്ളുന്നതോ കണ്ടില്ല നീ -

യൗവ്വന യുക്തയായമ്മ, ഓണമൂട്ടി -
യിന്നലെ, മടിയേലിരുത്തി നിന്നെ -
മുന്നേ നടത്തിയും ഇടവഴി കാഴ്ചകൾ
ഉത്സവമേളങ്ങൾ സമ്മാനമായ് നൽകിയും
നിൻവളർച്ചയിൽ നിർവൃതിയടഞ്ഞോരാ
പുണ്യം - പെരുവഴിയിലെറിഞ്ഞു നിൻ -

ദുശ്ശാഠ്യമേറിയോരാ കാലവും മറന്നിന്നു
നീയും

ഒരുക്കുന്നു പ്രൗഢമായൊരോണവും പിന്നെ
പായുന്നു ദ്രവ്യത്താൽ നേടിയൊരാഘോഷ-
ത്തേരിൽ ചാരെ മക്കളുമായോരശ്വം കണക്കെ -

ഒരു വേള കിതപ്പൊന്നടങ്ങവേ
ഓർക്ക നീ വാർദ്ധക്യം നിന്നിൽ
പോക്കുവെയിൽ പോൽ ചേക്കേറവേ
വീണ്ടുമീ കാലം
കാത്തു വച്ചിടും നാളെയൊരോണം,
മറ്റേതോ ശരണാലയത്തിൻ
നാലു ചുവരുകൾക്കുള്ളിൽ നിനക്കായ് -

കടമകൾ മറന്ന നീയറിഞ്ഞില്ല തലമുറ
സ്വാർത്ഥരായ് കാഞ്ചനക്കൂട്ടിൽ
വളർന്നതും ആർദ്രമാം
സ്നേഹത്തെയറിയാതെ പോയതും
കാത്തുനിൽക്കില്ലെന്നു നിൻ
പശ്ചാത്താപമേറ്റു-
വാങ്ങീടുവാനീ കാലമൊരിക്കലും
അർഹതയില്ലായൊന്നു പൊട്ടിക്കരഞ്ഞീടുവാനും

അനശ്വരതയിൽ വിലയമായ നിന്നമ്മ
തന്നാത്മാവന്നൊരു കുളിർ കാറ്റായ് -
തഴുകി നിനക്കു മാപ്പേകീടട്ടെ -
മാ...പ്പേ...കീ...ട...ട്ടേ.



കഥ

# അവിഹിതം



**ഷബ്ന**
ഫാർമസിസ്റ്റ്, വൈത്തിരി
താലൂക്ക് ആശുപത്രി

ഞാൻ ഇപ്പോൾ ജോലി ചെയ്യുന്ന ഹോസ്പിറ്റലിലേക്ക് സ്ഥലംമാറ്റം കിട്ടി വന്നിട്ട് 8 മാസം ആവുന്നുള്ളൂ ...

അതിന് മുമ്പ് വളരെ ചുരുങ്ങിയ സൗകര്യങ്ങളുള്ള ഒരു ചെറിയ ഹെൽത്ത് സെന്ററിൽ ആയിരുന്നു.

പാവപ്പെട്ട വീട്ട്ന്ന് പൈസക്കാരാട്ക്ക് കെട്ടിച്ച ഒരു ഫീൽ ആയിരുന്നു ഇവിടെ വന്നപ്പോ....

കുറേ സ്റ്റാഫും ഡോക്ടർമാരും ഇഷ്ടം പോലെ മരുന്നും തിരക്കും ആകെക്കൂടി ഒരു ജഗപൊക..

ജോയ്ൻ ചെയ്ത് പിറ്റേ ആഴ്ച ഔട്ട് റീച്ച് മെഡിക്കൽ ക്യാമ്പിനായി ഒരു ആദിവാസി കോളനിയിലേക്ക് പോവുകയാണ്.

സ്ഥിരമായി പൊയ്ക്കൊണ്ടിരുന്ന ആൾ അന്ന് ലീവായതിനാലാണ് എന്നെ ഇട്ടത്.

ഹോസ്പിറ്റലിന്റെ തന്നെ പുരാതന സ്വത്തായ ജീപ്പിലാണ് യാത്ര...

ഡ്രൈവറെ കൂടാതെ ഡോക്ടറും ഒരു നഴ്സും ഒരു കമ്പോണ്ടറും പിന്നെ ഞാനും.

നമ്മുടെ അകന്ന ബന്ധത്തിലൊക്കെ ആരേലും മരിച്ചാ ഓരോ വീട്ട്ന്ന് ഓരോ ആള് വെച്ച് നമ്മള് വണ്ടി വിളിച്ച് പോവൂലെ..

അത് പോലെയാണ് ആ യാത്ര എനിക്ക് തോന്നിയത്

ആരും ആരും ഒന്നും സംസാരിക്കുന്നില്ല.

എനിക്കാണെങ്കി മിണ്ടാതിരുന്നിട്ട് ചുണ്ടും ചിറിയും വേദനായി തുടങ്ങി.

മുമ്പിലിരിക്കുന്ന ഡോക്ടർ ജീപ്പിന്റെ ഡാഷ് ബോഡിൽ മനോഹരമായി താളം പിടിച്ച് തലയൊക്കെ ആട്ടി ആസ്വദിച്ചാണ് യാത്ര.

ആസ്വാദനം കണ്ടാലറിയാം, സാറിന്റെ ഉള്ളില് ഒരു ഗംഭീര കച്ചേരി നടന്നോണ്ടിരിക്കാണെന്ന്,,,

ഞാനെന്റെ മുമ്പത്തെ പാവപ്പെട്ട വീട്ടിലെ മെഡിക്കൽ ക്യാമ്പിനെ കുറിച്ചോർത്തു.

അഷറഫ്ക്കാന്റെ ജീപ്പില് പാട്ടൊക്കെ വെച്ചിട്ടാ ഞങ്ങള് പോവാ.

വീട്ട്ന്ന് കൊണ്ടോന്ന കോഴിയട വണ്ടീന്ന് എല്ലാരുടി തിന്നും. പോവുന്ന വഴിക്ക് ഗുഡ്സ് വണ്ടീല് ഓറഞ്ച് കാണുമ്പോ അത് വാങ്ങിക്കും..

അതും കഴിഞ്ഞ് മരുന്ന് പെട്ടിയൊക്കെ തലയിൽ ചുമന്ന് വണ്ടി പോവാത്ത വഴിയിലൂടെ കോളനികളിലേക്ക് പോവും..... ഹാ ....

ഒരു ദീർഘ നിശ്വാസം, എവിടന്നോ എന്തിനോ വേണ്ടി വന്നു.

അങ്ങനെ ഉന്തീം തള്ളീം ഉരുണ്ടുരുണ്ട് ജീപ്പ് കോളനിയിലെത്തി.

ഡോക്ടറും നഴ്സും കമ്പോണ്ടറും കൂടെ വീടുകളിൽ പോയി പരിശോധന തുടങ്ങി.

എന്നോട് ജീപ്പിൽ തന്നെ ഇരുന്ന് മരുന്ന് കൊടുത്തോളാൻ പറഞ്ഞു.

രോഗികൾ അങ്ങോട്ട് വന്ന് വാങ്ങിക്കാൻ തുടങ്ങീ...

ഒട്ടും തിരക്കില്ല.

ഭയങ്കര ബോറടി. ഡ്രൈവർക്കാണെങ്കി അപാര ഗമ..

ക...മാ... ന്ന് മുണ്ട്ന്നില്ല ... കുറേ കഴിഞ്ഞ് അയാളൊന്ന് തിരിഞ്ഞ് നോക്കി.

'ഇജ്ജ് പുതിയ ആളാണോ '

'ആ ''

'ഇതിന്റെ മുമ്പ് കണ്ടീല്ല ...അതാ ചോയ്ച്ചത്...

എന്താപ്പോ അന്റെ പേര്'

'പേര് ഷബ്ന.. ഒരാഴ്ച ആയുള്ളൂ വന്നിട്ട്'

'അയ്സരി.... എവടായ്നു ഇത് വരെ'

'കൽപ്പറ്റ'

'അന്റെ വീടെവ്ടാ'

'കൽപ്പറ്റ'

'കല്യാണം കയിഞ്ഞ് ക്ക്ണാ'

'ആ'

'മാപ്പൾക്കെന്താ പണി'

'മെഡിക്കൽ ഷോപ്പാ'

'യേ.... രണ്ടാളൂടി മര്ന്ന് മ്മലാ കൂടീക്കണത് ലേ'

'ഹാ'

മെല്ലെയൊന്ന് ചിറി കോട്ടി.

തിരിച്ചെന്തേലൊന്ന് ചോയ്ക്കണ്ടേന്ന് വെച്ച് ങ്ങള് മലപ്പൊർത്താണോന്ന് ചോദിച്ചു.

'ഹാ... ന്തെയ്നു...'

'അല്ല. ഭാഷ കേട്ടപ്പം ചോയ്ച്ചതാ ... താമസം അപ്പോ എവിടെയാ'

'ഹോസ്പിറ്റൽന്റെ തായത്ത് കോട്ടേയ്സി ലാ .... പെണ്ണുങ്ങളും കുട്ടിയും നാട്ടിലാ'

'ഉം'

സംസാരിക്കാൻ ഒരാളെ കിട്ടിയ സന്തോഷത്തില് ഞാൻ ഒന്നൂടി ഒന്ന് ഒതുങ്ങിയിരുന്നു.

പേര് ചോയ്ച്ചില്ല...

ഷുക്കൂറോ റഫീക്കോ ആയിരിക്കും.

അപ്പളേക്കും മൂപ്പർക്കൊരു ഫോണ് വന്നു.

'എന്റെ അഞ്ചൂ...

എത്ര നേരായി ഞാൻ വിളിക്കുണൂ... എവ്ടെയ്നു ഇജ്ജ്...

മെസേജ് അയച്ച് ട്ടും കാണ്ന്നില്ല... ആപ്പാടെ ബേജാറായി'

അപ്പുറത്ത് ന്ന് എന്തോ പറഞ്ഞു.

'തന്നെ... അമ്മ ണ്ടോ .... ന്നാ പിന്നെ പോയിറ്റ് വിളിക്ക്...

മറക്കല്ലെ ട്ടാ...'

പെട്ടെന്നാണ് എന്റെ ഉള്ളിലെ സദാചാരം ഉണർന്നത്...

മുസ്ലിമായ ഇയാൾ അഞ്ചൂനെ വിളിച്ച് അമ്മന്റെ കാര്യൊക്കെ ചോയ്ക്കണേൽ ഇത് അതെന്നെ...

-അവിഹിതം -

അയ്യേ... ഇമ്മായിരിയാ ഇയാള് .

പെണ്ണും കുട്ടിയും നാട്ടിലാണോലെ.

മൂപ്പരിവിടെ കെട്ട്യോളെ വിളിക്കണ മാതിരി വേറെ പെണ്ണിനെ വിളിച്ച് കിന്നരിക്കാ....

ഇനിപ്പോ അമ്മ പോയിറ്റ് വിളിക്കാനാ രണ്ടാളേം പരിപാടി...

മോശം മോശം

ഇങ്ങൻത്തെ ടീമിനോട് മുണ്ട്ണതേ എനിക്കിഷ്ടല്ല....

അങ്ങനെ ക്യാമ്പൊക്കെ കഴിഞ്ഞ് ഞങ്ങള് തിരിച്ച് പോന്നു.

പിന്നീട് ഒന്ന് രണ്ട് വട്ടം അയാളെ കണ്ടെങ്കിലും

വല്യ മൈൻഡാക്കാനൊന്നും നിന്നില്ല.

രണ്ടാഴ്ച കഴിഞ്ഞ് ഡ്യൂട്ടിക്ക് ഞാനും നിഷാദും ഉള്ള ഒരു ദിവസം,..

ഇയാൾ തിരക്കിട്ട് പാഞ്ഞ് വരുന്നുണ്ട്.

'നിഷാദേ... മൂക്ക്ന്ന് ചീരാപ്പൊൽച്ച്ട്ട് തായോട്ടും മേലോട്ടും നോക്കാൻ വെയ്യ.

ഈ മരുന്നൊന്ന് വേം  കൊണ്ടാ,,

നാട്ടില് പോവാ. പെണ്ണുംപിള്ള ലേബർ റൂമിലാ.... അടുത്ത ആഴ്ചയാ റമലേ പറഞ്ഞത്...

ഇന്ന് വേദന തുടങ്ങി കൊണ്ടോയ്ക്കുണൂ'

ഓ..... നന്നായി. പെണ്ണുംപിള്ളേനെ പെറാൻ മുട്ടിയപ്പളെങ്കിലും ഓർത്തല്ലോ.

നല്ല കാര്യം... ഞാൻ മനസിൽ പറഞ്ഞു.

നിഷാദ് ശീട്ട് എന്റെ കയ്യിൽ തന്ന്ട്ട് ഇതൊന്ന് വേഗം എടുത്ത് കൊടുക്കെന്ന് പറഞ്ഞു.

ഞാൻ എല്ലാം എഴുതി പാക്ക് ചെയ്ത് ശീട്ടില് ടിക്ക് ഇടുമ്പോ ആണ് ആ ഞെട്ടിക്കുന്ന സത്യം അറിഞ്ഞത്.

പുഷ്പരാജ്..

വയസ്: 38

എന്റെ കണ്ണ് രണ്ടും തള്ളി ഏകദേശം പുറത്തോട്ട് വരാനായി.

ഞാൻ നോക്കുമ്പോ അയാൾ ഏകദേശം 8 മാസമായ കുംബ പള്ളേല്  കയ്യും വെച്ച് ബേജാറാണെങ്കിലും അതീവ നിഷ്ക്കളങ്കനായി നിക്കുന്നു.

'ഇവളെന്താ ഈ തൊള്ളേലോക്കി നിക്കണത്.. വേഗം കാട്ടിയാ...'

'അല്ലാ.... ഈ പുഷ്പരാജ് ആരാ'

'ഇയ്യെവ് ടുത്തെ ഫാർമസിസ്റ്റാ.... പുഷ്പരാജിന്റെ ശീട്ടില് സുലൈമാൻ ന്ന് എഴുതോ '

'അല്ലാ.. അപ്പോ ങ്ങള് മുസിൽമല്ലേ.. '

'ജാതിയൊക്കെ ഞാൻ വന്ന്ട്ട് പറയാ... അമ്മയും അഞ്ചും മാത്രേ ഉള്ളൂ ഹോസ്പിറ്റലിൽ...'

അതും പറഞ്ഞ് അയാൾ പുറത്തേക്കോടി. അന്ന് ഫോൺ വിളിച്ചത് സ്വന്തം ഭാര്യയെ ആയിരുന്നു

അമ്മേനേം കൂട്ടി ചെക്കപ്പിന് പോയിട്ട് വിളിക്ക് എന്നായിരുന്നു അന്ന് പറഞ്ഞത് ...

ന്റെ റബ്ബേ.... പൃഥ്വിരാജിനേക്കാൾ ഭാര്യയെ സ്നേഹിക്കുന്ന  ഈ മനുഷ്യനെ ആണല്ലോ എന്റെ സദാചാരത്തിന്റെ വൃത്തി കെട്ട ചിന്തകൾ ചൂഴ്ന്ന് തിന്നതെന്നോർത്ത്  ഞാൻ ലജ്ജാവതിയായി സൂർത്തുക്കളെ...

ലജ്ജാവതിയായി...



## ജയകുമാരിയമ്മ വിരമിച്ചു

1991 ഫെബ്രുവരി 23 ന് കാസറഗോഡ് ജില്ലയിലെ ചെങ്കള പി.എച്ച് സി യിൽ ഫാർമസിസ്റ്റായി ജോലിയിൽ പ്രവേശിച്ചു .പിന്നീട് മുളിയാർ സി എച്ച് സി യിലും TB സെന്റർ കാസറഗോഡിലും സേവനം അനുഷ്ഠിച്ചു. പിന്നീട് പി എസ് കെ ആയും സ്റ്റോർ സൂപ്രണ്ടായും കാസറഗോഡ് ജില്ലയിൽ തന്നെ ഇരുപത്തിയൊമ്പതര വർഷത്തെ സേവനം ചെയ്തു . തുടർന്ന് കണ്ണൂർ DMO യിൽ SVO ആയിരിക്കെ 31.05.2021 ൽ സർവ്വീസിൽ നിന്നും വിരമിച്ചു .

കെ ജി പി എ യുടെ സജീവ പ്രവർത്തകയായിരുന്ന ജയകുമാരിയമ്മ ദീർഘനാളായി  കെ.ജി .പി എ കാസറഗോഡ്  ജില്ലാ കമ്മറ്റിയുടെ പ്രസിഡന്റായിരുന്നു. സംഘടനയിലെ മുഴുവൻ അംഗങ്ങൾക്കും സംഘടനയിൽ പ്രവർത്തിക്കാനുള്ള പ്രചോദനവും  പ്രോത്സാഹനവും നൽകാൻ ജയകുമാരിയമ്മയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചും വനിതകൾ കൂടുതലായി ജോലി ചെയ്യുന്ന ഫാർമസി മേഖലയിൽ വനിതകളെ സംഘടനയിലേക്ക് കൊണ്ടുവരാനും , അവർക്ക് നേതൃനിരയിൽ  പ്രവർത്തിക്കാനുമുള്ള ഊർജ്ജം പകർന്നു നൽകാനും ശ്രീമതി ജയകുമാരിയമ്മയ്ക്ക് കഴിഞ്ഞിട്ടുണ്ട് .ഔദ്യോഗീക ജീവിതത്തിലും സംഘടനാരംഗത്തിലും മാതൃകയാക്കാവുന്ന പ്രവർത്തനപാടവമായിരുന്നു ജയകുമാരിയമ്മയുടേത് ...!

# സർവ്വീസിൽനിന്നും വിരമിച്ചു


**Anie George**


**Jayadasan T.K.**


**Saseendran Mavilottan**


**Suma C. T.**


**Rajani K.**


**Prakasan P.K.**


**Sunil Kumar T.**


**Sheela K. M.**


**Ramesan P.P.**


**Premanandan P.**


**Prameela M.K.**


**Roy Thomas**


**Rajila Bhai**


**Cherian**


**Saraswathi Amma**


**Suma Devi V.S.**


**Sreelatha A.**


**Mumthaz Beegam**


**Ramesan P.**


**Gireesan K.**


**Ramachandran**


**Joy Abraham**


**Sujatha O.**


**Rajan K.T.**


**Radhakrishnan C.**


**Abdul Majeed**


**Sheela L.**


**Sheeja C.P.**


**Mnoj Kumar V.**


**Rajitha A.**

# ആദരിക്കപ്പെട്ടവർ



മേരി ജോൺ – മുൻ സംസ്ഥാന കമ്മിറ്റി അംഗം



വിജയകുമാർ ബ്ലാത്തൂർ – ശ്രദ്ധേയ വ്യക്തിത്വം



സാബിറ എം. – ശ്രദ്ധേയ വ്യക്തിത്വം



കെ.ജി.പി.എ. സംസ്ഥാന നേതാക്കൾ
ആരോഗ്യ വകുപ്പ് മന്ത്രിയെ കണ്ടപ്പോൾ




ശ്രീമതി ഇ.എസ്. ബിജിമോളുടെ ഉദ്ഘാടന പ്രസംഗം



കെ.ജി.പി.എ. കൊല്ലം ജില്ലാ കമ്മിറ്റി
സംഭാവന ചെയ്ത ചികിത്സാ ഉപകരണങ്ങൾ കൈമാറുന്നു



കെ.ജി.പി.എ. എറണാകുളം ജില്ലാ കമ്മിറ്റി സംഭാവന ചെയ്ത
പൾസ് ഓക്സി മീറ്റർ റോജി ജോൺ എം.എൽ.എ കൈമാറുന്നു



കെ.ജി.പി.എ. കോഴിക്കോട് ജില്ലാ കമ്മിറ്റി സംഭാവന ചെയ്ത
സർജിക്കൽ ഗൗൺ മുഹമ്മദ് റിയാസ് എം.എൽ.എ. കൈമാറുന്നു











63-ാമത് വാർഷിക സംസ്ഥാന സമ്മേളനം - വിവിധ ദൃശ്യങ്ങൾ

Printed and Published by : M S Manoj Kumar, General Secretary, on behalf of Kerala Government Pharmacists' Association
Printed at Alwaye Press, Aluva, Ph: 0484-2623318, Editor: T G Manoj Ph: 9747594837